Apostolic Visit 1982 - Part II
*published online by*
*www.SyrianChurch.org*

# പത്രോസ് പാറയാണോ?

ഡി. ബാബു പോൾ

അപ്പോസ്തോലൻമാരുടെ ഗണത്തിൽ പത്രോസിനു അതുല്യമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. എന്നതിനെക്കുറിച്ചു സഭാചരിത്രവും വേദശാസ്ത്രവും അറിയുന്നവർക്കു തർക്കമില്ല. പത്രോസും അന്ത്രയോസും ആണ ആദ്യ ശിഷ്യൻമാർ എന്ന് മർക്കോസും (1: 16) മത്തായിയും (4: 18) രേഖപ്പെടുത്തിയിരിക്കുന്നു. പത്രോസും സെബദിമക്കളുമാണ് ശിഷ്യത്രയം എന്നതും സുവിദിതംതന്നെ. ഇവരിൽതന്നെയും പത്രോസായിരുന്നു മുമ്പൻ. ലൂക്കോസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിലെ ആ മത്സ്യബന്ധനം ഓർമ്മിക്കുക. പത്രോസാണ് അവിടെ കഥാനായകൻ. മത്തായിയുടെ സുവിശേഷം (14: 28) യേശു വെള്ളത്തിൻമേൽ നടക്കുന്ന സംഭവം വിവരിക്കുന്നു. അവിടെ ഒരു ശിഷ്യൻ മാത്രമേ ഗുരുവിനെ അനുകരിക്കാൻ ശ്രമിക്കുന്നതായോ അപ്രകാരം ചെയ്യാൻ അനുവദിക്കപ്പെടുന്നതായോ കാണുന്നുള്ളൂ. അത് പത്രോസാണ്. പന്തിരുവരുടെ വക്താവ് എപ്പോഴും പത്രോസ്തന്നെ ആയിരുന്നു. ഫിലിപ്പിന്റെ കൈസറിയയിലെ വിശ്വാസപ്രഖ്യാപനം ഒരുദാഹരണം മാത്രം. ഇതര സന്ദർഭങ്ങളിലും ശിഷ്യൻമാർക്കു കർത്താവിനോടു വല്ലതും ചോദിക്കേണ്ടിവരുമ്പോൾ പത്രോസിനെക്കൊണ്ടാണ് മററു ശിഷ്യൻമാർ ചോദിപ്പിക്കുന്നത്. മത്തായി 18: 21 ഉദാഹരണം. ''കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ?'' പെസഹാ ഒരുക്കാൻ നിയുക്തരാകുന്നതു പത്രോസും യോഹന്നാനുമാണ്. (ലൂക്കോസ് 22: 8). ഗതസമേനയിൽ ശിഷ്യൻമാർ മൂവരും ഉറങ്ങിപ്പോയെങ്കിലും യേശു ശാസിക്കുന്നതും പത്രോസിനെയാണ്. (മർക്കോസ് 14: 37). പിന്നെ അവൻ വന്ന് അവർ ഉറങ്ങുന്നതു കണ്ടു പത്രോസിനോട് ''ശീമോനേ, നീ ഉറങ്ങുന്നുവോ...'' എന്നു പറഞ്ഞു. അതങ്ങനെതന്നെ ആവണമല്ലോ. അധികാരം വർദ്ധിക്കുന്തോറും ആണല്ലോ ചുമതലയും വർദ്ധിക്കുന്നത്. മററുള്ളവരുടെ നോട്ടത്തിലും പത്രോസ് ആയിരുന്നു നേതാവ്. ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ വരുന്ന സന്ദർഭം ഓർമ്മിക്കുക (മത്തായി 17: 24). ഇനി സുവിശേഷകർത്താക്കളുടെ ദൃഷ്ടിയിലോ? ശിഷ്യൻമാരുടെ പട്ടിക നോക്കുക. വിശദാംശങ്ങളിൽ വ്യത്യാസം ഉണ്ട്; പക്ഷേ എവിടെയും പത്രോസാണ് ഒന്നാമൻ. മത്തായി അതിന് അടിവര ഇടുന്നുമുണ്ട്: ''ഒന്നാമൻ പത്രോസ്.'' മത്തായി 10: 2, മർക്കോസ് 3: 16, ലൂക്കോസ് 6: 14, പ്രക്സീസ് 1: 13 എന്നീ ഭാഗങ്ങൾ കാണുക. ''പത്രോസും കൂടെയുള്ളവരും'' എന്ന ശൈലി വേദപുസ്തക വിദ്യാർത്ഥികൾക്കു പരിചയം ഉള്ളതാണ്. മാലാഖ പോലും പറയുന്നതു ശിഷ്യൻമാരെയും വിശിഷ്യാ പത്രോസിനെയും വിവരം

അറിയിക്കണമെന്നാണ് (മർക്കോസ് 16: 7). ശിഷ്യൻമാരുടെ കൂട്ടത്തിൽ പത്രോസ് തലവൻആയിരുന്നു എന്നതു വ്യക്തമാണ്.

പത്രോസിന്റെ പേര് ശെമവൂൻ എന്നായിരുന്നു. അത് ഒരു എബ്രായ ശബ്ദം ആകുന്നു. വേദപുസ്തകത്തിൽ രണ്ടു ഭാഗത്തു മാത്രമേ ശെമവൂൻ അഥവാ ശിമയോൻ എന്ന് പറയുന്നുള്ളൂ: പ്രക്സീസ് 15: 14–ലും 2 പത്രോസ് 1:1–ലും. സുവിശേഷങ്ങളിൽ ശീമോൻ എന്നാണ് പരാമർശം. അത് ശിമയോന്റെ യവനരൂപം. അതിന്റെകൂടെ കാണുന്നതാണ് കേഫാ. പാറ എന്ന് അർത്ഥംവരുന്ന ഒരു അറമായപദം ആകുന്നു അത്. കേഫായുടെ യവന പരിഭാഷയാണ് പത്രോസ്. ശീമോനു പത്രോസ് എന്ന് പേരിട്ടത് യേശുവാണ്. യേശുവിനെ ക്രിസ്തു എന്ന് വിളിച്ചതു പത്രോസുമാണ്. പത്രോസ് എന്നത് ഒരു വ്യക്തിക്കു സാധാരണ നല്കപ്പെടുന്ന പേരായിരുന്നില്ല. എന്നാൽ യേശു നല്കിയ ആഗുണനാമം പേരായി മാറി. ശീമോൻ പിന്നെപ്പിന്നെ ശീമോൻ പത്രോസ് എന്ന് അറിയപ്പെടാൻ തുടങ്ങി. ക്രിസ്തു എന്ന പേരിൽ യേശു തുടക്കത്തിൽ അറിയപ്പെട്ടിരുന്നില്ല. എന്നാൽ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം കഴിഞ്ഞപ്പോൾ മുതൽ യേശു, യേശു ക്രിസ്തു എന്നറിയപ്പെടാൻ തുടങ്ങി എന്ന് ഒരു പ്രമുഖ വേദശാസ്ത്രജ്ഞൻ എടുത്തുകാണിച്ചിട്ടുണ്ട്. അതായത് ഗുരുവും ശിഷ്യനും പരസ്പരം വിളിച്ച പേരുകളിലാണ് പില്ക്കാലത്തു കൂടുതൽ അറിയപ്പെട്ടതെന്ന്.

പത്രോസ് എന്നു നാമകരണം ചെയ്യപ്പെട്ടതിനെ തുടർന്നു ശീമോനു സവിശേഷ പ്രാധാന്യം ലഭിച്ചതാണോ അതോ സവിശേഷ പ്രാധാന്യം ഉണ്ടായിരുന്ന ശിഷ്യനു ഗുരു പത്രോസ് എന്നു നാമകരണം ചെയ്തതാണോ എന്ന ചോദ്യത്തിന് ഉത്തരം പറയുക സുകരമല്ല. പത്രോസിന്റെ ശക്തിയും ബലഹീനതയും മററാരെയുംകാൾ കൂടുതൽ അറിയാമായിരുന്ന ക്രിസ്തു അദ്ദേഹത്തെ 'പാറ' എന്നു വിളിച്ചതു സകല ചരാചരങ്ങളെയും സൃഷ്ടിച്ച ദൈവം എന്ന തന്റെ സ്ഥാനം ഉപയോഗിച്ചുകൊണ്ടാണെന്ന് ഓസ്കർ കുൾമാൻ സൂചിപ്പിച്ചിട്ടുണ്ട്. ശൂന്യതയിൽനിന്നു തന്റെ വചനത്താൽ ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവൻതന്നെയാണു ഗലീലാക്കടൽത്തീരത്തെ സാധാരണക്കാരനായിരുന്ന ഒരു മുക്കുവനെ തന്റെ വചനത്താൽ സഭയുടെ അടിസ്ഥാന ശിലയായി രൂപാന്തരപ്പെടുത്തിയതും.

യേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും നാല്പതാം ദിവസത്തെ സ്വർഗാരോഹണവും പത്രോസിന്റെ പ്രാധാന്യം വീണ്ടും വർദ്ധിപ്പിച്ചു. കർത്താവിന്റെ ഭൗതികമായ അസാന്നിദ്ധ്യം ശിഷ്യസമൂഹത്തിന്റെ പരമാദ്ധ്യക്ഷസ്ഥാനത്തു പത്രോസിനെ കാണുവാൻ ആദിമസഭയെ പ്രേരിപ്പിച്ചു. പത്രോസിന്റെ ഈ സ്ഥാനം കാണുവാൻ അപ്പോസ്തോലപ്രവൃത്തികൾ വായിച്ചാൽ മതി. യൂദായുടെ സ്ഥാനത്തേക്ക് ഒരു ശിഷ്യനെ തെരഞ്ഞെടുക്കണമെന്നു കല്പിക്കുന്നതു പത്രോസാണ്. പെന്തിക്കൊസ്തിയിൽ നടന്നത് എന്താണ് എന്നു പ്രസംഗിക്കുന്നതു പത്രോസാണ്. അതായത്, ക്രൈസ്തവ സഭയിലെ ആദ്യത്തെ സുവിശേഷപ്രസംഗം നടത്തുന്നതു പത്രോസാണ്. മുടന്തനെ സൗഖ്യമാക്കുന്നത് പത്രോസാണ്. മതാധികാരികളുടെ മുമ്പാകെ ക്രിസ്തുമതത്തെ ന്യായീകരിക്കുന്നത് പത്രോസാണ്. അനന്യാസിന്റെയും സഫീറായുടെയും കാര്യത്തിൽ സഭയുടെ അച്ചടക്കത്തിന്റെ അന്തിമാധികാരിയായി കാണപ്പെടുന്നതും പത്രോസാണ്. പത്രോസിന്റെ അദ്ഭുതശക്തികളിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം അപ്പോസ്തോല പ്രവൃത്തികൾ വ്യക്തമാക്കുന്നു. പത്രോസിന്റെ നിഴൽഎങ്കിലും രോഗിയുടെ മേൽ വീണാൽ രോഗവിമുക്തി ഉണ്ടാകും എന്നായിരുന്നു വിശ്വാസം,

ഇത് യരുശലേമിൽ ഒതുങ്ങിനിന്ന പ്രാധാന്യമല്ല. ശമരിയായിലെ സുവിശേഷ പ്രവർത്തനത്തിലേക്കു നോക്കുക. അവിടെയും പത്രോസാണ് പ്രമാണി. ലിദ്ദയിലും യോപ്പയിലും കൈസറിയയിലും കഥ ഭിന്നമല്ല. സഭ പുറജാതിക്കാരിലേക്കു വളരുന്നതും പത്രോസിലൂടെയാണ്. കൊർണേലിയോസാണല്ലൊ അങ്ങനെ സഭയിലേക്കു വന്ന ആദ്യത്തെ പുറജാതിക്കാരൻ.

അതായത് സഭയുടെ വളർച്ചയുടെ മൂന്നു ഘട്ടങ്ങളിലും പത്രോസിന്റെ പ്രാമാണികത്വം വ്യക്തമാണ്. സഭ യഹൂദൻമാരുടെ ഒരു മതഭേദം മാത്രമായി പരിഗണിക്കപ്പെട്ടിരുന്ന കാലത്തു പത്രോസാണ് നേതാവ്. അരയഹൂദൻമാർ എന്നു പറയാവുന്ന ശമരിയാക്കാരുടെ ഇടയിലേക്കു സഭ വ്യാപിച്ച രണ്ടാം ഘട്ടത്തിലും പത്രോസാണ് നടുനായകൻ. കൊർണേലിയോസിനെ സ്വീകരിക്കുന്നതിലൂടെ സഭയുടെ വാതിൽ പുറജാതികൾക്കായി മലർക്കെ തുറക്കപ്പെടുന്ന മൂന്നാംഘട്ടത്തിലും നായകൻ പത്രോസ് തന്നെ.

പൗലോസ് മാനസാന്തരത്തിനുശേഷം പത്രോസിനെ കാണാനാണു യരുശലേമിലേക്കു യാത്രയാകുന്നത്. പൗലോസിനു പത്രോസിനെ അന്നു നേരിട്ടു പരിചയം ഉണ്ടായിരുന്നില്ല. കർത്താവിന്റെ ഇഹലോക ജീവിതത്തെക്കുറിച്ചു നേരിട്ടു മനസ്സിലാക്കാൻ വേണ്ടിയാണ് പത്രോസിനെ കാണാൻ പൗലോസ് ആഗ്രഹിച്ചത് എന്നു പറയുന്നതിൽ തെററില്ല. എന്നാൽ അതു ശരിയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. കാരണം, ആ വിവരങ്ങൾ മററു ശിഷ്യൻമാരിൽനിന്നും ലഭ്യമായിരുന്നു. അപ്പോൾ പത്രോസിനെ കാണണം എന്ന് പൗലോസ് തീക്ഷ്ണതയോടെ ആശിച്ചത് ആദിമസഭയിൽ പത്രോസിന് ഉണ്ടായിരുന്ന പ്രഥമസ്ഥാനത്തെ കരുതി ആയിരുന്നിരിക്കണം. പ്രോട്ടസ്റ്റന്റ് പണ്ഡിതനായ കുൾമാനും ഏതാണ്ട് ഇതുതന്നെ പറയുന്നുണ്ട്. കുൾമാന്റെ പല നിഗമനങ്ങളും ഓർത്തഡോക്സ് വിശ്വാസത്തിനു നിരക്കുന്നതല്ലെങ്കിലും അദ്ദേഹത്തിന്റെ ഒരു പ്രസ്താവന ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു: The Church of today recognises the redemptive plan of God in the fact that at its initial stage—this really was true at its initial stage—stands the apostle to whom Jesus gave the name 'Rock' and to whom He announced that on him He would build the Church.

അന്ത്യോഖ്യയുടെ ആദ്യത്തെ പാത്രിയർക്കീസ് പത്രോസ് ആയിരുന്നു. പത്രോസ് ആകമാനസഭയുടെ അദ്ധ്യക്ഷനായിരുന്നതു യരുശലേമിൽവച്ചു മാത്രം ആയിരുന്നു എന്നും അതുതന്നെ യാക്കോബിനെ സ്ഥാനം ഏല്പിച്ചിട്ട് മിഷനറി പ്രവർത്തനത്തിന് ഇറങ്ങുന്നതുവരെ മാത്രം ആയിരുന്നു എന്നും പറയുന്ന പ്രോട്ടസ്റ്റന്റ് ചിന്തകൻമാർപോലും പത്രോസ് അന്ത്യോഖ്യയുടെ എപ്പിസ്ക്കോപ്പാ ആയിരുന്നു എന്ന് സമ്മതിക്കുമെന്നു തോന്നുന്നു. രണ്ടാം നൂററാണ്ടിന്റെ തുടക്കത്തിൽതന്നെ ഈ വിശ്വാസം പ്രബലമായിരുന്നു എന്ന് കുൾമാൻ പറയുന്നുണ്ട്. മൂന്നാം നൂററാണ്ടിലാണ് റോമിൽ പത്രോസ് സിംഹാസനം സ്ഥാപിച്ചു എന്ന വിശ്വാസം പ്രചരിച്ചത് എന്നു പറയുന്ന കുൾമാൻതന്നെ നല്കുന്ന ഈ സാക്ഷ്യത്തിനു തീർച്ചയായും വില കല്പിക്കേണ്ടതുണ്ട്.

കുൾമാൻ എന്തു പറഞ്ഞാലും അന്ത്യോഖ്യയിൽ പത്രോസ് സിംഹാസനം സ്ഥാപിച്ചു എന്നത് പിതാക്കൻമാർ അംഗീകരിച്ചിട്ടുള്ളതാണ്. 'മൊണാർക്കിക്കൽ എപ്പിസ്ക്കോപ്പേററ്' എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതു തുടങ്ങിയത് അന്ത്യോഖ്യയിലാണെന്ന് ഇഗ്നാത്തിയോസിന്റെ ലേഖ

നങ്ങൾ സാക്ഷീകരിക്കുന്നു. ക്രൈസ്തവ ലോകത്തിൽ ആദിമ ശതകങ്ങളിൽ അന്ത്യോഖ്യക്കായിരുന്നു പ്രാധാന്യം എന്നതും നിർവിവാദമത്രേ. അന്ത്യോഖ്യയിലും പിന്നീട് റോമിലും പത്രോസ് സിംഹാസനം സ്ഥാപിച്ചു എന്നാണ് ഓർത്തഡോക്സുകാർ വിശ്വസിക്കുന്നത്. എന്നാൽ അതംഗീകരിക്കാത്ത കുൾമാൻപോലും "Antioch could establish a greater claim to the primacy than Rome" എന്നു പറയുന്നുണ്ട്.

പത്രോസ് പാറയാണോ എന്നാണല്ലോ നാം ആലോചിച്ചു തുടങ്ങിയത്. ഇതിനെക്കുറിച്ച് ഒരു പ്രോട്ടസ്റ്റൻറ് ചിന്തകൻ പറഞ്ഞിട്ടുള്ള ഒരഭിപ്രായം ഉദ്ധരിച്ചുകൊണ്ട് ഈ യുക്തിവിചാരം അവസാനിപ്പിക്കാം: "But the Rock, the foundation for all Churches of all times, remains the historical Peter. At that time he was especially chosen by Jesus from among the Twelve; he was given special distinction as a witness of Jesus' life and death and as the first witness of His resurrection. On him Christ, who is Himself the corner-stone, will keep building His Church as long as there is such a Church on earth." അതായത്, ചരിത്രപുരുഷനായ പത്രോസാണ് എല്ലാ കാലത്തും എവിടെയും ഉള്ള എല്ലാ സഭകളുടെയും അടിസ്ഥാനമായ പാറ. പന്തിരുവരിൽ നിന്ന് യേശു പ്രത്യേകമായി പത്രോസിനെ തെരഞ്ഞെടുത്തു. യേശുവിൻെറ ജീവിതത്തിൻെറയും മരണത്തിൻെറയും സാക്ഷി എന്ന നിലയിലും തൻെറ പുനരുത്ഥാനത്തിൻെറ ആദ്യസാക്ഷി എന്ന നിലയിലും പത്രോസിനു പ്രത്യേക പ്രാധാന്യം നല്കപ്പെട്ടു. ഈ ഭൂമുഖത്തു ക്രിസ്തുവിൻെറ സഭ എന്നൊന്ന് ഉള്ള കാലത്തോളവും, മൂലക്കല്ലായ ക്രിസ്തു പത്രോസിൻമേൽ സഭ പണിതുകൊണ്ടിരിക്കും.*

* Oscar Cullman: Peter, Disciple, Apostle Martyr. Page 242.

*With best compliments of:*

**PRAKASH**
HOME APPLIANCES

**K. K. ROAD, KOTTAYAM**

# പട്ടത്വവേലയുടെ മാഹാത്മ്യം

## മട്ടയ്ക്കൽ അലക്സന്ത്രയോസ് കോർ എപ്പിസ്ക്കോപ്പാ

''മലങ്കര ഇടവക പത്രിക'' എന്ന മാസികയുടെ 1900–ാമാണ്ടിലെ ഏപ്രിൽ, മെയ്, ജൂൺ ലക്കങ്ങളിൽ, ബഹു. മട്ടയ്ക്കൽ അലക്സന്ത്രയോസ് കോർ എപ്പിസ്ക്കോപ്പാ, മലങ്കര വൈദിക യോഗത്തിൽ ചെയ്ത പ്രസംഗം പ്രസിദ്ധീകരിച്ചിരുന്നു.

പണ്ഡിതനായ അദ്ദേഹത്തിന്റെ പ്രസംഗം ഇന്നും, സഭയുടെ— പ്രത്യേകിച്ച് വൈദികരുടെയും വൈദിക വിദ്യാർത്ഥികളുടെയും — വഴികാട്ടിയായി വിളങ്ങുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

കർത്താവിശൊമിശിഹായിൽ സ്നേഹിക്കപ്പെട്ടവരും തന്റെ വിലയേറിയ രക്തത്താൽ വിലെക്കു കൊള്ളപ്പെട്ടവരും ആയ സഹോദരൻമാരെ, ദൈവത്തിന്റെ ഇഷ്ടത്താൽ ഇന്നെദിവസം അനുഗ്രഹിക്കപ്പെട്ട ഈ ശുഭസന്ദർഭത്തിൽ നിങ്ങളെ ഒരുമിച്ചു കാൺമാനും നമ്മുടെ പരമ രക്ഷിതാവിന്റെ ജീവനുള്ള വചനത്തെപ്പററി അല്പമായി ഗുണദോഷിപ്പാനും ഇടയായതിൽവച്ച് എന്റെ ഹൃദയം സന്തോഷംകൊണ്ട് ആർത്തുതുള്ളുന്നു എന്നു പറവാൻ ഞാൻ ഒട്ടും അധൈര്യപ്പെടുന്നില്ലാ. എന്നാൽ വന്ദ്യ പിതാവിന്റെയും മാന്യ സഹോദരങ്ങളായ നിങ്ങളുടെയും മുമ്പാകെ ഏവർക്കും അഭിരുചി തോന്നത്തക്കവണ്ണം കർണ്ണരസമായ ഒരു പ്രസംഗം ചെയ്‌വാൻ അസാധ്യമെങ്കിലും ഈ ചെറിയവനായ ഞാൻ പറയുന്ന വചനങ്ങൾ നിങ്ങൾക്കു ശ്രവണാരുന്തുദമായി പരിണമിക്കാതിരിപ്പാൻവേണ്ടി ദൈവകൃപയെ ആസ്പദമാക്കിക്കൊണ്ട് ക്ലീറീക് സംഘൊദ്ദെശപ്രകാരം ഒരു പ്രസംഗം ചെയ്യുന്നതു സമയൊചിതവും യുക്തവുമാകയാൽ പട്ടക്കാരുടെ പട്ടത്വവേലയുടെ മഹാത്മത്തെപ്പററി കുറഞ്ഞൊന്നു പറവാൻ ആരംഭിക്കുന്നു.

എന്നാൽ ഇതിലെക്കു ശു. മർക്കൊസിന്റെ അറിയിപ്പ് 16–ാം അ. 15–ാം വാക്യം അടിസ്ഥാനമാക്കിയിരിക്കുന്നു. അതായ്തു വിശേഷിച്ചും അവൻ അവരൊടു പറഞ്ഞു നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിക്കും ഏവൻഗേലിയോൻ പ്രസംഗിപ്പീൻ. (പ്രി.) നാം ചെയ്യുന്ന ഏതു സംഗതിയിലും ദൈവകൃപ മുന്നിട്ടു നില്ക്കാതിരുന്നാൽ ഒരിക്കലും അതിനു ഒരു നല്ല അവസാനം ഉണ്ടാകുന്നതല്ലല്ലൊ. എന്തന്നാൽ കർത്താവു പണിയുന്നില്ലെങ്കിൽ പണിക്കാരു വൃഥാ മിനക്കെടുന്നു എന്ന് വേദവാക്യം പറയുന്നു. ആകയാൽ ഏതിന്നും ദൈവംകൂടെ വേണമെന്നും തന്റെ കൃപ ആവശ്യം എന്നും കാണുന്നു. എങ്ങിനെയെന്നാൽ ഏതെങ്കിലും ഒരു ധാന്യം നാം കൃഷിചെയ്താൽ അതു മുളയ്ക്കണമെങ്കിൽ മഴയും, വളർന്ന് ഫലം തരണമെങ്കിൽ

സൂര്യരശ്മിയും ഏതുപ്രകാരം അപേക്ഷിതമായിരിക്കുന്നുവൊ അപ്രകാരം ദൈവവചനമെന്ന ഈ വിത്തുവിതെക്കുന്ന സമയത്തു മുളയ്ക്കെണമെങ്കിൽ മഴയും വളർന്ന് ഫലവത്താകണമെങ്കിൽ സൂര്യരശ്മിയും ആവശ്യമായിരിക്കുന്നു. അതിനാൽ ദൈവകൃപയാകുന്ന മഴപെയ്ത് ഇതിനെ മുളപ്പിപ്പാനും പരിശുദ്ധാത്മാവിൻെറ ആവാസിപ്പാകുന്ന സൂര്യരശ്മി ഉണ്ടായി ഇതിനെ വളർത്തി ഫലവത്താക്കി തീർപ്പാനുമായിട്ട് ഈ സമയത്തിൽ നിങ്ങൾ എല്ലാവരും ആത്മാവിൽ ധ്യാനിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതുകൂടാതെ എൻെറ വചനങ്ങൾ കല്ലെൽ മഴപെയ്തതുപോലെയും വൻകാട്ടിൽ നിലാവുദിച്ചതുപോലെയും അപ്രയോജനമായി തീരാതിരിപ്പാൻതക്കവണ്ണം നിങ്ങൾ നല്ല ശ്രദ്ധയോടും ഏക ചിന്തയോടുംകൂടെയിരുന്നു കേൾക്കണമെന്നും അപേക്ഷിക്കുന്നു.

എന്നാൽ ഇനിയും പട്ടത്വവേലയുടെ മഹാത്മ്യത്തെപ്പററി ചിന്തിക്കാം. നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിക്കും ഏവൻഗേലിയോനെ പ്രസംഗിപ്പീൻ എന്നു കർത്താവു തൻെറ ശിഷ്യൻമാരൊടു കല്പിക്കുന്നു. പട്ടത്വത്തിൻെറ മുഖ്യവേല ഇതു തന്നെ ആണ്. കർത്താവിൻെറ ഈ കല്പന അനുസരിച്ചു ലോകത്തിൽ ഏതുഭാഗത്തും ദൈവത്തിൻെറ അളവററ കരുണകളാലും ആർദ്രസ്നേഹത്താലും കർത്താവിൻെറ വയലിൽ വേലചെയ്ക എന്ന ഈ വിലയേറിയ പദവിക്കു നാം ഓരൊരുത്തരും അവരവർക്കു സിദ്ധിച്ചിട്ടുള്ള വരപ്രകാരം അംശികളാണന്നു അറിയണമെ. ഈ ഭാഗ്യമേറിയ പദവിയിലേക്കു നമ്മെ വിളിപ്പാൻ തിരുവിഷ്ടം തോന്നിയ പരമ പിതാവിന്നു നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്തുകൊണ്ടു പട്ടത്വവേലയുടെ മഹാത്മ്യത്തെപ്പററി അല്പം ചിന്തിക്കാം.

1. ഏതു ഉദ്യോഗസ്ഥനും തൻെറ ഉദ്യോഗത്തേയും അതിൻെറ അധികാരത്തെയും അതിൻെറ നിബന്ധനകളെയും അതിൻെറ ശ്രേഷ്ഠതകളെയും അറിയേണ്ടതും അറിഞ്ഞാൽ അതുംപ്രകാരം നടത്തേണ്ടതും നടക്കേണ്ടതും ആവശ്യമാണ. അല്ലാത്തപക്ഷം താൻ ആ ഉദ്യോഗത്തിൽനിന്നു നീക്കപ്പെടുമെന്നും ദയാവിഹീനം ശിക്ഷിക്കപ്പെടുമെന്നും ഉള്ളതു സഹജമാണല്ലൊ. ആകയാൽ നാം നമ്മുടെ ഉദ്യൊഗത്തെയും അറിയേണ്ടതു ആവശ്യമത്രെ. എന്നാൽ നമ്മുടെ പട്ടത്വവേല ലോകത്തിലുള്ള സകല വേലയിലുംവച്ചു ഉന്നതി ഉള്ളതും സർവ്വപ്രധാനമായിട്ടുള്ളതും മാഹാത്മ്യമേറിയതും ആകുന്നു. ഇത് ഒരുപ്രകാരത്തിലും നിസ്സാരമായ വേലയല്ല. പാപവും കൂരിരുളും നിറഞ്ഞിരിക്കുന്ന ലോകത്തേയും പരിശുദ്ധനും പ്രകാശത്തിൽ വസിക്കുന്നവനുമായ ദൈവത്തെയും നമ്മിൽ മിശിഹായുടെ ബലിമൂലം നിരപ്പാക്കുന്നതായ നിരപ്പിൻ ശുശ്രൂഷയത്രെ. 2 കൊ. 5, 19. എന്തെന്നാൽ ദൈവം ലോകരുടെ കടങ്ങളെ അവർക്കു കണക്കിടാതെ സമയോജിപ്പിൻെറ വചനത്തെ ഞങ്ങളിൽ ഭരമേല്പിച്ചുകൊണ്ടു ലോകത്തെ മിശിഹാമൂലം തന്നൊടു നിരപ്പാക്കിയിരിക്കുന്നു. ആകയാൽ ഇതു പ്രധാന വേലയത്രെ. സാത്താൻെറ അടിമയിൽനിന്നു ക്രിസ്തുവിൻെറ വിലയേറിയ രക്തംമൂലം ലോകത്തെ വീണ്ടെടുത്തു സ്വാതന്ത്ര്യപ്പെടുത്തിയിരിക്കുന്നു എന്നുള്ള സ്വാതന്ത്ര്യത്തിൻെറ വിളംബരമത്രെ നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിങ്കലെക്കുള്ള അനുതാപം, മിശിഹായിലുള്ള വിശ്വാസം, പരിശുദ്ധാത്മാവിനാലുള്ള ശുദ്ധീകരണം, സ്വർഗ്ഗമഹിമ, ആത്മാവിൻെറ വില, നരകാരിഷ്ടത, മനുഷ്യ ആയുസ്സിൻെറ നിശ്ചയമില്ലായ്മ, ഭയങ്കര ന്യായവിധി മുതലായ ദിവ്യ സത്യങ്ങളെ വെളിപ്പെടുത്തുന്നതിനാൽ ഇതു പ്രധാന വേലയാകുന്നു. നാം ക്രിസ്തുവിന്നു

പകരം സ്ഥാനാപതികളും കർത്താവിന്റെ രഹസ്യ ശുശ്രൂഷക്കാരും, ദൈവത്തിന്റെ കലവറക്കാരും ആകുന്നു. ഹാ ഇത് എത്ര പ്രധാന വേലയാകുന്നു. പാപത്തിന്റെ മന്ദതയിലും ഉറക്കത്തിലും തങ്ങളുടെ ആയുസ്സിനെ നിർവിചാരമായി കഴിച്ചുകൂട്ടുന്നവരെ അവരുടെ ഭയങ്കര പടുതിയെപ്പററി ഓർമ്മപ്പെടുത്തുന്ന വേല പ്രധാനമാകുന്നു. നാശത്തിലെക്കു പാഞ്ഞോടുന്ന മനുഷ്യനൊടു കനിവുതോന്നി സ്വർഗ്ഗീക ഊർശ്ലേമിനെയും, സ്വർഗ്ഗ മഹിമയേയും, ക്രിസ്തുവാകുന്ന സങ്കേത നഗരത്തേയും ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന വേല പ്രധാനമായിട്ടുള്ളതാകുന്നു. രക്ഷയുടെ കൊടിയെ ഉയർത്തിപ്പിടിച്ചുകൊണ്ടു ജീവനും ശക്തിയുമുള്ള ദൈവവചനത്താൽ പിശാചിന്റെ കോട്ടകളെ തകർക്കുന്ന ക്രിസ്തുവിൻ പടയാളിയുടെ വേല മുഖ്യമായിട്ടുള്ളതാകുന്നു. സത്യ സുവിശേഷത്തിന്റെ ഇമ്പമുള്ള കാഹളത്താൽ പലരേയും നീതിയിലേക്കു വിളിക്കുന്ന വേല മുഖ്യമായിട്ടുള്ളതാകുന്നു. ആത്മാവിൽ ദരിദ്രൻമാരായിരിക്കുന്ന അനേകരേയും ക്രിസ്തുവിന്റെ നിക്ഷേപത്താൽ ധനവാൻമാരാക്കിത്തീർക്കുന്ന ദൈവഭൃത്യന്റെ വേല പ്രധാനമായിട്ടുള്ളതത്രെ. അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്ന ജാതികളുടെ ഹൃദയത്തെ സുവിശേഷത്തിന്റെ സത്യപ്രകാശത്താൽ കർത്താവിനായി ഒരുക്കുന്ന വേല പ്രധാനമായിട്ടുള്ളതത്രെ. ആത്മാവിൽ വിശപ്പും ദാഹവുമുള്ളവരുടെ മുമ്പാകെ സ്വർഗ്ഗീക മന്നാ ആകുന്ന ജീവന്റെ അപ്പത്തെയും ജീവവെള്ളത്തെയും വിളമ്പുന്ന വേല പ്രധാനമായിട്ടുള്ളതാകുന്നു. സുവിശേഷമാകുന്ന വിരുന്നുശാലയിലേക്കു ആളുകളെ ക്ഷണിപ്പിക്കുന്ന വേല മുഖ്യമായിട്ടുള്ളതാകുന്നു. പാപമാകുന്ന കുഷ്ഠരോഗത്താൽ ഉള്ളങ്കാൽ മുതൽ ശിരസ്സുവരെയും ബാധിക്കപ്പെട്ടിരിക്കുന്നവരെ ആത്മീക വൈദ്യനായ ക്രിസ്തുവിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുന്ന വേല പ്രധാനമായിട്ടുള്ളതാകുന്നു. ആകയാൽ പട്ടത്വവേല മേല്പറഞ്ഞ പല കാരണങ്ങളാലും മററും ഏററവും പ്രധാനമായിട്ടുള്ളതാകുന്നു.

2. ഇതു മഹത്വമുള്ള വേലയാകുന്നു. ശുദ്ധമുള്ള പൗലോസു ശ്ലീഹാ കോറന്തിയക്കാർക്ക് എഴുതിയ രണ്ടാം ലേഖനം 3—ാം അദ്ധ്യായം 6—ാം വാക്യം മുതൽ ഇപ്രകാരം പറയുന്നു. അവൻ ഞങ്ങളെ പുതിയനിയമത്തിന്റെ ശുശ്രൂഷക്കാരാക്കുവാൻ പ്രാപ്തരാക്കി. എന്നാൽ കല്ലുകളിൻമേൽ അക്ഷരങ്ങളിൽ വരെക്കപ്പെട്ട മരണ ശുശ്രൂഷ മഹത്വമുള്ളതായി എങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം മഹത്വമുള്ളതല്ലയൊ. ശിക്ഷാവിധിയുടെ ശുശ്രൂഷ മഹത്വമുള്ളതെങ്കിൽ നീതിയുടെ ശുശ്രൂഷ എത്ര അധികം മഹത്വത്തിൽ വിശേഷിക്കുന്നു. ഒഴിഞ്ഞുപോകുന്നതു മഹത്വമുള്ളതായിയെങ്കിൽ നിലനില്ക്കുന്നത് എത്ര അധികം മഹത്വമുള്ളതായിരിക്കും. ശുദ്ധമുള്ള പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ നാം വായിക്കുമ്പോൾ ഈ വേലയെ എത്ര മഹത്വമുള്ളതായി താൻ വിചാരിച്ചു എന്നു നമുക്ക് അറിയാം. യേശുമിശിഹായുടെ ദാസൻ എന്നതിൽ അപ്പോസ്തോലൻ പുകഴുന്നു. ഇത് ഒരു മഹത്വമുള്ള പദവിയായി താൻ വിചാരിക്കുന്നു. റോമാക്കാർക്ക് എഴുതിയ ലേഖനത്തിന്റെ ആദ്യഭാഗത്തു പറയുന്നതിനെ കേൾപ്പീൻ. തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ സംബന്ധിച്ചു ശുദ്ധമുള്ള വേദവാക്യങ്ങളിൽ തന്റെ ദീർഘദർശിമാരെക്കൊണ്ടു മുന്നമെ വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിഭജിക്കപ്പെട്ട അപ്പോസ്തോലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലോസ് എന്നും പീലിപ്പിയക്കാർക്ക് എഴുതിയ ലേഖനത്തിന്റെ ആദ്യഭാഗത്തു യേശുക്രിസ്തുവിന്റെ ദാസരായ പൗലോസ്, തീമോത്തിയോസ് എന്നും

കാണുന്നു. ഇങ്ങനെ ക്രിസ്തുവിൻെറ ദാസൻ, ക്രിസ്തുവിൻെറ വേലയെ ചെയ്യുന്നവൻ എന്നുള്ളതിനെ ഒരു വലിയ മഹത്വമായി ശ്ലീഹ വിചാരിച്ചു എന്നു കാണുന്നു. ഇതുകൂടാതെ ക്രിസ്തുവിൻെറ ദാസൻ ക്രിസ്തുവിൻെറ കൂട്ടുവേലക്കാരനാകുന്നു എന്നുള്ള വേറൊരു മഹിമ ഇതിനുണ്ട്. നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി പ്രസംഗിപ്പീൻ എന്നുള്ള കല്പനയോടുകൂടെ ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടെന്നുള്ള വാഗ്ദത്തവും നല്കിയിരിക്കുന്നു. താൻ തൻെറ വേലക്കാരെ തനിച്ചു വിടുകയില്ല. അവൻെറ പേരും ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള അമ്മാനുവേൽ എന്നാണല്ലൊ. 2 കോറി. 6: 1—ലും 1 കോറി. 3: 9—ലും എന്തു പറയുന്നു. ഞങ്ങൾ ദൈവത്തിൻെറ കൂട്ടുവേലക്കാർ എന്ന് പറഞ്ഞിരിക്കുന്നു. നടപ്പുകളുടെ പുസ്തകത്തിൽ ശുദ്ധമുള്ള പൗലൊസിനേയും ബർന്നബാസിനേയും പററി ദൈവം തങ്ങളോടുകൂടെ ചെയ്ത എല്ലാം അവർ അറിയിച്ചു എന്നു പറയുന്നു. ഈ വാക്യങ്ങളിൽനിന്നു ക്രിസ്തുവിൻെറ ദാസൻ ക്രിസ്തുവിൻെറ കൂട്ടുവേലക്കാരൻ എന്നു കാണുന്നു. സ്വർഗത്തിലും ഭൂമിയിലും ഉള്ള സർവ്വ അധികാരവും സിദ്ധിച്ചിട്ടുള്ള കർത്താവിൻെറ കൂട്ടുവേലക്കാരനായിരിക്കുന്നത് അത്യന്തം മഹത്വമുള്ള വേലയാകുന്നു.

3. ഇതു വളരെ ഭാഗ്യമുള്ള വേലയാകുന്നു. കർത്താവിൻെറ വേലയെ താത്പര്യത്തോടും ശുഷ്കാന്തിയോടും ചെയ്യുന്നതു ഭാഗ്യമാകുന്നു. നല്ല പോരിനെ പൊരുതു തൻെറ ഓട്ടത്തെ അവസാനിപ്പിക്കുന്നകാലത്തു നീതിയുള്ള കർത്താവ് അവനു ജീവൻെറ കിരീടത്തെ കൊടുക്കും. ഉത്തമനും വിശ്വാസിയുമായ ഭൃത്യനെപ്പററി കർത്താവു സന്തോഷിക്കുന്നു. ക്രിസ്തുവിൻെറ വേലക്കാരൻ കഷ്ടതയിലും സന്തോഷിക്കുന്നു. ശുദ്ധപൗലൊസും ശീലാസും ജയിലിലാക്കപ്പെട്ടപ്പോഴും ഭാഗ്യമെന്നു എണ്ണി സന്തോഷിക്കുന്നതായി നടപ്പുകളുടെ പുസ്തകം 5: 4—ൽ പറയുന്നു. അത്യന്തം സ്നേഹിക്കുന്ന ഒരാളിനെപ്പററി മററു വല്ലവരോടും പറയുന്നതുതന്നെ വല്യ സന്തോഷമാകുന്നു. ഇപ്രകാരം കർത്താവിനെ പൂർണ്ണമായി സ്നേഹിക്കുന്നവന്നു തന്നെപ്പററി പറയുന്നത് ഒരു ഭാരമെന്നൊ പ്രയാസമെന്നൊ വിചാരിക്കയില്ല. തന്നെ അയച്ച പിതാവിൻെറ വേലയെ ചെയ്യുന്നതു തനിക്കു ഭക്ഷണമെന്നു കർത്താവു വിചാരിച്ചതുപോലെ തൻെറ സത്യശിഷ്യൻമാരും കർത്താവിൻെറ വേലയെ നിവൃത്തിക്കുന്നതു അവരുടെ ആത്മീയ ആഹാരമെന്നു വിചാരിക്കുന്നതാണ്. പലരേയും നീതിയിലേക്കു തിരിപ്പിക്കുന്നവൻ എന്നേക്കുമുള്ള നക്ഷത്രങ്ങൾപോലെ ശോഭിക്കും. ആകയാൽ ഇത് എത്ര ഭാഗ്യമുള്ള വേലയാകുന്നു.

4. ഇതു കൂടാതെ പട്ടത്വവേല ഏററവും ചുമതലയുള്ളതാകുന്നു. നാം വസിക്കുന്ന ലോകം അതിൻെറ സാക്ഷാൽ രാജാവിനോടു എതൃത്തിരിക്കുന്നു. രാജാവ് തൻെറ സ്വന്ത പുത്രനെ അയച്ചു. എന്നാറെ അവർ അവനെ കുല ചെയ്തുകളഞ്ഞു. വീണ്ടും തൻെറ ഭൃത്യൻമാരെ അയെക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയെക്കുന്നു. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു എന്നു പറഞ്ഞിരിക്കുന്നു. അതിനാൽ തന്നോടു മത്സരിച്ചിട്ടുള്ള പ്രജകളെ ഇനിയും ഏതു കരാറിൻമേൽ കൈക്കൊള്ളുമെന്നു തെളിയിക്കേണ്ട ചുമതലയുണ്ട്, സ്വർഗത്തിലേക്കുള്ള ഏക വഴിയെ ചൂണ്ടി കാണിക്കേണ്ട ചുമതലയുണ്ട്. ഈ വേല ഒരു പട്ടാളത്തിൽ ശത്രുസൈന്യത്തിൻെറ വരവിനെ നോക്കുന്നതിനായി നിയമിക്കപ്പെട്ട പടയാളിക്കു സദൃശമാകുന്നു. കാവല്ക്കാരൻ ജാഗരണംചെയ്തു തൻെറ മുറയെ ചെയ്യേണ്ടുന്നതിനു പകരം ഉറങ്ങുന്നു എങ്കിൽ അവൻെറ ഉദാസീനത നിമിത്തം

ആരുടെ ജീവൻ നശിച്ചുവൊ അവരുടെ ജീവൻ അവൻെറ കൈയ്യിൽനിന്നും ചോദിക്കപ്പെടുന്നതാകുന്നു. ഇതുപോലെ അനേക ചുമതലകൾ ഉള്ള വേലയാകുന്നു.

എന്നാൽ പട്ടത്വവേല സർവ്വപ്രധാനമായിട്ടുള്ളതെന്നും മഹത്വമുള്ളതെന്നും അപ്പോസ്തോലർ അതിമഹത്തായി വിചാരിച്ചു എന്നും വേലചെയ്യുന്നവൻ കർത്താവിനോടുകൂടെയത്രെ വേലചെയ്യുന്നത് എന്നും കർത്താവ് അവനോടുകൂടെ എന്നേക്കും ഉണ്ടായിരിക്കുമെന്നും ഭാഗ്യമുള്ളതെന്നും അനേക ചുമതലയുള്ളതെന്നും ഏറക്കുറെ വേദസാക്ഷികളോടുകൂടെ പറഞ്ഞുവല്ലൊ.

എന്നാൽ ഇനിയും ഈ കാര്യത്തിൽ നമ്മുടെ തത്ക്കാല അവസ്ഥ എങ്ങിനെ ഇരിക്കുന്നു എന്നു ചിന്തിക്കാം. പ്രിയരെ! സൂര്യൻ അതിപ്രകാശമുള്ളതും തേജസ്സുള്ളതും ആണെങ്കിലും നാം അതിനെ കാണാത്തവണ്ണം കണ്ണടച്ചുകളഞ്ഞാൽ എന്തു പ്രയോജനമുള്ളു? ഇപ്രകാരം പട്ടത്വവേല വളരെ ഭാഗ്യവും മഹത്വവും മററും ഉള്ളതാണെന്നിരുന്നാലും നാം അതിനെ യോഗ്യമായി ചെയ്യാതിരുന്നാൽ എന്ത് പ്രയോജനമുള്ളു? പിതാക്കൻമാരും സഹോദരൻമാരും ആയുള്ള പട്ടക്കാരേ! നാം ദൈവത്തിൻെറ പട്ടക്കാർ ആണെന്നിരുന്നാലും നമ്മിൽ വളരെ ബലഹീനതകൾ ഉണ്ട്. യോനാ ദൈവത്തിൻെറ ദീർഘദർശി ആയിരുന്നു എങ്കിലും അവനിൽ വളരെ ബലഹീനതകൾ ഉണ്ടായിരുന്നു. ദൈവവേലയിൽ പ്രവേശിക്കുന്ന പലർക്കും ഇതുപോലെ ഉണ്ടാകാം. അവയെന്നും വച്ചു സൂക്ഷിച്ചുകൊണ്ടിരിപ്പാനുള്ളവയല്ല. ദൈവകൃപയാൽ ദൈവത്തോടുള്ള സംസർഗ്ഗംമൂലം അവയെ നീക്കണം. യോനായിൽ അനുസരണക്കേടു, ഭീരുത്വം, മടി, ബുദ്ധിക്കുറവ്, മുൻകോപം, തന്നിഷ്ടം മുതലായി വളരെ കുററങ്ങളെ നാം കാണുന്നു. എല്ലാററിലും വലുതായി നശിച്ചുപോകുന്ന ആത്മാക്കളെപ്പററിയുള്ള അറിവില്ലായ്മ എന്നതുതന്നെ. ഈ കുറവ് അവനിൽ ഇരുന്നതിനാൽ ദീർഘദർശി എന്നുള്ള തൻെറ സ്ഥാനത്തെക്കുറിച്ചും തനിക്കു നല്കപ്പെട്ട മഹത്വമേറിയ ദൂതിനെക്കുറിച്ചും അവൻെറ വേലയെക്കുറിച്ചും അവനു യാതൊരു ഘനമായ വിചാരവും ഇല്ലായിരുന്നു. യോനായുടെ കുറവുകൾ നമ്മിലും ഉണ്ടു. നിനവപട്ടണത്തിലേക്കു പോകുവാൻ നാം മടിക്കുന്നത് എന്തുകൊണ്ട്? നമ്മുടെ ഭീരുത്വംമൂലമല്ലയോ? നാം തർശീസിലെക്കുള്ള കപ്പൽ തിരക്കുന്നത് എന്തുകൊണ്ടു? നമ്മുടെ അനുസരണക്കേടുമൂലം മല്ലേ? നാം ഉറങ്ങുന്നതിനു കപ്പലിൻെറ അടിത്തട്ടു തിരയുന്നതെന്തുകൊണ്ട്? നമ്മുടെ മടികൊണ്ടല്ലയോ? നിനുവെക്കു എതിരായി നിലവിളിപ്പാൻ കഴിയാത്തത് എന്തുകൊണ്ട്? നശിച്ചുപോകുന്ന ആത്മാക്കളെപ്പററിയുള്ള ഉള്ളുരുക്കം ഇല്ലായ്കയാൽ അത്രെ. ഇങ്ങനെയുള്ള കുറവുകൾമൂലം നമ്മിൽ പലരും തങ്ങളുടെ ഉദ്യോഗത്തേയും അതിൻെറ മാഹാത്മ്യത്തേയും കേവലം ഗ്രഹിക്കാതെ തങ്ങൾക്കു ബുദ്ധിശക്തിയും ഗുണദോഷ വൈഭവവും വാക്ചാതുര്യവും ഇല്ലെന്നും വയസ്സാണെന്നും ബലഹീനതയാണെന്നും, മററും ഒഴിവുകഴിവുകൾ പറയുന്നു. എന്നാൽ ദൈവം മോശയെ വിളിച്ചസമയം ഞാൻ എന്തുമാത്രമുള്ളു, ഈ ബലഹീനനായ ഞാൻ എന്തുള്ളു, എൺപതുവയസ്സു പ്രായംചെന്ന എന്നാൽ എന്തു കഴിയും എന്നിങ്ങനെ മോശ ദൈവത്തോട് ഒഴികഴിവു പറഞ്ഞപ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കുമെന്നും അവന് വാക്സാമർത്ഥ്യം ഇല്ലെന്നു പറഞ്ഞപ്പോൾ ഞാൻ നിൻെറ വായോടുകൂടെ ഇരുന്നു നീ പറയേണ്ടുന്നതിനെ നിനക്കു ഉപദേശിക്കുമെന്നും കല്പിച്ചിട്ടുള്ള വാഗ്ദത്തങ്ങളെ അവർ വിചാരിക്കുന്നില്ല. ചിലർ സ്ഥാനപൂർത്തിയില്ല. പട്ടം തികയുമ്പോൾ ആകാമെന്നുള്ള നിസ്സാരമായ ഒഴിവുകഴിവു പറഞ്ഞു

മൗനം അനുഷ്ഠിക്കുന്നു. ഓരോരുത്തനു സിദ്ധിച്ചിട്ടുള്ള നൽവര പ്രകാരം ചെയ്യണമെന്നല്ലാതെ അതിലധികമൊന്നും കർത്താവ് ഇച്ഛിക്കുന്നില്ല. എങ്കിലും ഓരോരുത്തനും ദൈവം അവനെ വിളിച്ചപ്രകാരം നടപ്പാൻവേണ്ടിയിരിക്കുന്നു. 1 കോറി. 7: 17—ചിലർ പട്ടക്കാരെന്നുള്ളതു പട്ടാളക്കാർക്കുള്ള മററൊരു നാമം മാത്രമാണെന്നു കരുതി നടക്കുന്നു. അങ്ങിനെ ആയാലും പട്ടാളക്കാർക്ക് എന്തെല്ലാം ചുമതലകൾ ഉണ്ടെന്നുകൂടി വിചാരിക്കട്ടെ. ചിലർ സത്യത്തെ അറിഞ്ഞിട്ടും സ്വന്ത ചുമതലയെ വിട്ട് അന്യായമായ ലാഭത്തേയൊ ബഹുമാനത്തേയൊ ഇച്ഛിച്ചു നടക്കുന്നു. കർത്താവിൻെറ കാര്യങ്ങളെ അല്ല സ്വന്തകാര്യങ്ങളെ അന്വെഷിക്കുന്നു എന്നു ശുദ്ധ പൗലോസുവ്യാകുലത്തോടു പറയുന്നു. ഫീലിപ്പി 2: 21 അവനെപ്പോലെ ഞാൻ ഒരുത്തൻെറ വെള്ളി എങ്കിലും പൊന്നെങ്കിലും വസ്ത്രമെങ്കിലും മോഹിച്ചിട്ടില്ല. എനിക്കുള്ള ആവശ്യങ്ങൾക്കും മററുമായി എൻെറ കൈകൾകൊണ്ടു വേലചെയ്തു എന്നു നിങ്ങൾതന്നെ അറിയുന്നു എന്നു പറയത്തക്കവർ ആര്? താണിരിപ്പാനും എനിക്കറിയാം പരിപൂർണ്ണതപ്പെടുവാനും അറിയാം. തൃപ്തിയായിരിപ്പാനും വിശന്നിരിപ്പാനും പൂർണ്ണതപ്പെടുവാനും എനിക്കറിയാം. എല്ലാ കാര്യങ്ങളിലും ഞാൻ അഭ്യസിക്കപ്പെട്ടവനാകുന്നു. എന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിനാൽ ഞാൻ സകലത്തിനും പ്രാപ്തനാകുന്നു എന്നും പറയുന്നു. ഫീലി. 4: 11—13. ഇങ്ങനെ ഇരിക്കുമ്പോൾ പട്ടക്കാരെന്നും ഉപദേശികൾ എന്നും നാമം ധരിച്ചു പല സ്ഥലങ്ങളിലും ഉള്ളവരിൽ അനേകരും ഒരുനാളും തൃപ്തിപ്പെടാത്തവണ്ണം അത്യാഗ്രഹമുള്ള നായികളും തിരിച്ചറിയാത്ത ഇടയൻമാരും. എശാ. 56: 11. ദ്രവ്യാഗ്രഹികളും യറമി. 6: 13. ഭണ്ഡാരത്തേയും വിലയേറിയ സാധനങ്ങളേയും എടുത്തുകൊള്ളുന്നുവരും ഹെസക്കി 22: 25. തങ്ങളെത്തന്നെ മേയിച്ചു മേദസ്സിനെ ഭക്ഷിച്ചു ആട്ടിൻരോമംകൊണ്ടു വസ്ത്രം ഉണ്ടാക്കി തടിക്കപ്പെട്ടവയെ കൊന്നു ആട്ടിൻകൂട്ടത്തെ മേയിക്കാതെ ഇരിക്കുന്നവരും കൂലിക്കു ഉപദേശിച്ച് പണത്തിനു ലക്ഷണംപറയുന്നവരും മീഖാ. 3: 11. ദൈവത്തിൻെറ ഭവനത്തിൽ ഒരു വാതിലിനെ എങ്കിലും വെറുതെ പൂട്ടുവാൻ മനസ്സില്ലാത്തവരും ഭൂമിയ്ക്കടുത്തവയെ ചിന്തിച്ചു തങ്ങളുടെ വയറിനെ ദൈവമാക്കുന്നവരും ആകുന്നു. ഹാ ഇവയെ എത്രയും പരിതാപത്തോടു ഒരു പ്രാവശ്യം എന്നല്ല അനേക പ്രാവശ്യം പറയേണ്ടിയിരിക്കുന്നു. ഇവർ ദൈവമഹത്വത്തെക്കുറിച്ചും മനുഷ്യരുടെ രക്ഷയേക്കുറിച്ചും അന്വെഷിക്കുന്നതെ ഇല്ല. ശു. പത്രൊസിനെ കർത്താവു വിളിച്ചപ്പോൾ അവൻ സ്വന്ത ലാഭത്തെ തിരക്കിയില്ല. താൻ പത്രോസിനെ നോക്കി യോനായുടെ പുത്രനായ ശിമോനെ നീ എന്നെ സ്നേഹിക്കുന്നുവൊ? അതായ്തു നിന്നെയും നിൻെറ വയറിനേയും നിൻെറ പണത്തേയും അല്ലാ, എന്നെയും എൻെറ ബഹുമാനത്തേയും എൻെറ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ആടുകളേയും സ്നേഹിക്കുന്നുവൊ എന്നുതന്നെ. ഉവ്വ് കർത്താവെ എന്നു അവൻ പറയുന്നു. അപ്പൊസ്തൊലൻ തൻെറ സ്വന്തകാര്യം അന്വെഷിച്ചതായി നാം വായിക്കുന്നില്ല. എങ്കിലും ഒരു പട്ടക്കാരൻ പട്ടിണി ആയിരുന്നു ശുശ്രൂഷചെയ്യണമെന്നില്ല. കർത്താവു വിശ്വസ്ഥൻമാരായ ശുശ്രൂഷക്കാരെ മുന്തിരിതോട്ടത്തിലേക്ക് അയച്ചപ്പോൾ അവരോടു കൂലിപറഞ്ഞൊക്കാതെ പോകുവിൻ, ന്യായമായ ശമ്പളം നിങ്ങൾക്കു കിട്ടുമെന്നത്രെ കല്പിച്ചിരിക്കുന്നത്. ആകയാൽ സഭക്കാർ തങ്ങളുടെ പട്ടക്കാരുടെ കാര്യം വിചാരിച്ച് അവർക്കു ന്യായമായ കൂലി കൊടുക്കേണ്ടത് ആവശ്യമാകുന്നു. വേലക്കാരൻ തൻെറ കൂലിക്കു യോഗ്യനെന്നും സുവിശേഷത്താൽ ഉപദേശിക്കപ്പെടുന്നവൻ ഉപദേശിക്കുന്നവനു സകലനൻമക

ളിലും ഭാഗിച്ചുകൊടുക്കട്ടെ എന്നും ബലിപീഠത്തിൽ കാത്തിരിക്കുന്നവർ ബലിപീഠത്തോടുകൂടെ ഓഹരിക്കാർ ആകുന്നു എന്നും ആരുംസ്വന്ത ചില വിൻമേൽ യുദ്ധസേവ ചെയ്യുന്നു എന്നും ആര് ഒരു മുന്തിരിങ്ങാത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലത്തിൽനിന്നു ഭക്ഷിക്കാതെ ഇരിക്കുന്നു, അല്ലെങ്കിൽ ആട്ടിൻകൂട്ടത്തെ മേയിച്ചു അതിന്റെ പാലിൽനിന്നു ഉണ്ണാതെയിരിക്കുന്നു, എന്നും മററും വേദം പറയുന്നു. ആകയാൽ പട്ടക്കാരൻ തന്റെ ഉദ്യോഗത്താൽ ജീവനം കഴിക്കുന്നത് ന്യായംതന്നെ. എന്നിരുന്നാലും ദൈവത്തിന്റെ പട്ടക്കാരൻ ശമ്പളത്തേയും കൂലിയേയും തന്റെ പട്ടത്വവേലയ്ക്കു പ്രതിഫലമായി വിചാരിക്കരുത്. അങ്ങിനെ വിചാരിക്കുന്നവർ ദൈവത്തിന്റെ മഹത്വത്തേയും മനുഷ്യരുടെ രക്ഷയേയും കരുതുന്നില്ല. ഇങ്ങനെയുള്ളവർ ക്രിസ്തുവിനല്ലാ തങ്ങളുടെ വയറിനും, പിശാചിനും ഊഴിയവേല ചെയ്യുന്നവരാകുന്നു. ചിലർ സ്വന്ത മാനത്തെ ഇച്ഛിച്ചും കച്ചേരി കയറുന്നതു കാര്യമെന്നു കരുതിയുംവ്യവഹാരപ്രിയൻമാരായി നടക്കുന്നു. ഇതാണൊ നമ്മുടെ ചുമതല? പട്ടക്കാരുടെ മുറയെ സംബന്ധിച്ചു ശു. പൗലൊസ തീമോത്തിയോസിനോടും (1 തീമോ. 3. 1) തീത്തോസിനോടും പറഞ്ഞിട്ടുള്ള ഗുണദോഷങ്ങളെ നല്ലവണ്ണം മനസ്സിരുത്തി വായിക്കട്ടെ. ചിലർ മദ്യപ്രിയൻമാരായി നടക്കയും മററുള്ളവരുടെ മനസ്സിനെ കൂടെ മലിനമാക്കുകയും ചെയ്യുന്നു. ഇത് അപ്പൊസ്തൊലന്റെ ഉപദേശത്തിനു എത്രയൊ വിരോധമാണ്. മദ്യപ്രിയൻമാരെ സംബന്ധിച്ചു ഏശായാ പറയുന്നുതാവിത്. ഏശാ. 5:11 മദ്യപാനത്തെ പിന്തുടരേണ്ടുന്നതിന് അതികാലത്തെ എഴുനേൽക്കുന്നവർക്കും, വീഞ്ഞു തങ്ങളെ ജ്വലിപ്പിക്കുന്നതുവരെ രാത്രിയോളവും നിൽക്കുന്നവർക്കും ഹാ കഷ്ടം! പട്ടക്കാരുടെ ചുമതല ശുദ്ധ കുർബാന അണെക്ക, മാമോദീസാ മുക്കുക, വിവാഹകൂദാശ കഴിക്കുക, അടിയെന്തരാദികൾ നടത്തുക ഇതുകൾ മാത്രമാണെന്നു വിചാരിക്കുന്നവരും ഉണ്ട്. കശീശാ തന്റെ സ്വന്ത ഭവനത്തെ നന്നായി ഭരിക്കുന്നവൻ ആയിരിക്കണമെന്നുള്ള അപ്പോസ്തൊലന്റെ വാക്കിന്റെ അക്ഷരപ്രകാരമുള്ള അർത്ഥത്തെമാത്രം ആധാരമാക്കി തങ്ങളുടെ ഭവനങ്ങളെ ഇളക്കി പ്രതിഷ്ഠിക്കയും ഇണക്കത്തിലാക്കയും ഭവനകാര്യാദികൾ ക്രമമായി നടത്തി പുത്രപൗത്രാദികൾക്കായി കഴിയുന്നതും സമ്പാദിക്കയും ദൈവത്തിന്റെ ഭവനത്തേയും അതിന്റെ സ്വത്തുക്കളേയും തന്റെ ആട്ടിൻകൂട്ടത്തേയും കുറിച്ചു യാതൊന്നും വിചാരിക്കാതെ ഇരിക്കയും ചെയ്യുന്നു. ചിലർ ഏവരുടെയും ശിരസ്സു ക്രിസ്തുവാകുന്നു എന്ന് ഓർക്കാതെ ഓരോരൊ അഭിപ്രായഭേദങ്ങളെ മാത്രം പിടിച്ചുകൊണ്ടു വാദിക്കയും പ്രസംഗിക്കയും ചെയ്യുന്നു. തങ്ങൾ നല്ല പ്രസംഗികൾ എന്നും വാചാലൻമാർ എന്നും കേൾപ്പിക്കാനായി മാത്രം പ്രസംഗിക്കുന്നു. ഇവരുടെ പ്രസംഗത്തിൽ കാററ് അല്ലാതെ ആത്മാവും ശക്തിയും ഇല്ല. അതു ചെവിക്കു മോദമായും ഫലിതമായും തോന്നുകയല്ലാതെ ഹൃദയത്തിൽ യാതൊരു ചലനത്തെയും വരുത്തുകയില്ല. പ്രസംഗികൾ സഭെക്കു പാലുകൊടുക്കുന്ന തള്ളയെപ്പോലെ ഇരിക്കുന്നു. തങ്ങൾ കൊടുക്കുന്ന പാൽ മധുരവും സൗഖ്യവുമുള്ളതായിരിക്കണമെങ്കിൽ അവർ തന്നെ ദൈവവചനമാകുന്ന പാലിനെ ഉൾക്കൊണ്ടു തങ്ങളിൽ ജീർണപ്പെട്ടു പിന്നെ തങ്ങളുടെ നടപ്പിനാൽ അതിനെ പ്രകാശിപ്പിക്കണം എങ്ങിനെയെന്നാൽ തേനീച്ച തേനിനെ മുമ്പെ കുടിച്ചതിന്റെശേഷം പിന്നെ കൊണ്ടുചെന്നു സൂക്ഷിച്ച് അതിൽനിന്നു മററുള്ളവർക്കും ലഭിക്കുന്നതിന് ഇടവരുത്തുന്നു. പ്രസംഗികളും ഇപ്രകാരം ഇരിക്കണം. ഹാ എത്ര പ്രസംഗികൾ തങ്ങളെക്കൊണ്ടു മററുള്ളവർക്കു ഗുണം വരുത്തുകയും തങ്ങൾക്കു ആ ഗുണം ഇല്ലാതെ ആകയും ചെയ്യുന്നു. ഇവ കരിവിനു വെള്ളം പായി

ക്കുന്ന തോട് എന്നപോലെ ഇരിക്കു
ന്നു. നിലത്തിൽ വെള്ളം ചെന്നതിൻെറ
ശേഷം തോടു പിന്നെയും കരിഞ്ഞുത
ന്നെ കിടക്കുന്നു. കാററുകൊണ്ടു ഇള
കപ്പെടാത്ത സമുദ്രം തൻെറമീതെ കിട
ക്കുന്ന കപ്പലിനെ ചലിപ്പിക്കുന്നത് എ
ങ്ങിനെ? മനസ്സുതിരിഞ്ഞ ഹൃദയ
ത്തിൽനിന്നു പുറപ്പെടുന്ന വചനങ്ങൾ
കേൾവിക്കാരുടെ മനസ്സിൽ ശക്തി
യോടു പാഞ്ഞുകയറുന്നതായിരിക്കും.
ഇതുകൂടാതെ നമ്മിലുള്ള അനേകതരം
അന്തഃഛിദ്രങ്ങളാലും നമ്മുടെ അജാഗ്ര
തയാലും ദൈവത്തിൻെറ ഭവനവും വള
രെ സ്വത്തുക്കളും ഏതു അവസ്ഥയിൽ
ഇരിക്കുന്നു എന്നു നോക്കുവീൻ. ദൈ
വത്തിൻെറ ആട്ടിൻകൂട്ടമോ ഇടയനില്ലാ
തെയും ഇടയൻമാർ ആടുകളെ മേയിക്കാ
തെയും ഇരിക്കുന്നു.

ഇടയൻമാരുടെ ന്യായവിരോധമായ
നടത്തകൾ നിമിത്തം കർത്താവ് അതി
കോപത്തോടെ കല്പിക്കുന്നതാവിത്.
എസ്കി. 34: 2–3. തങ്ങളെത്തന്നെ മേ
യിക്കുന്ന ഇസ്രായേലിൻെറ ഇടയൻമാർ
ക്കു ഹാ കഷ്ടം. ഇടയൻമാർ ആട്ടിൻ
കൂട്ടങ്ങളെ മേയിക്കണ്ടോയൊ. നിങ്ങൾ
മേദസ്സിനെ ഭക്ഷിക്കയും ആട്ടിൻ
രോമംകൊണ്ടു നിങ്ങൾക്കു വസ്ത്രം
ഉണ്ടാക്കയും തടിച്ചിരിക്കുന്നവയെ അറു
ക്കയും ചെയ്യുന്നു. നിങ്ങൾ ബലഹീനമാ
യതിനെ ശക്തിപ്പെടുത്താതെയും ദീന
മായതിനെ സൗഖ്യമാക്കാതെയും മുറിവു
ള്ളതിനെ മുറിവു കെട്ടാതെയും കാണാ
തെ പോയതിനെ അന്വഷിക്കാതെയും
ഇരുന്നുകൊണ്ടു ബലാൽക്കാരത്തോടും
ക്രൂരതയൊടും അവയെ ഭരിക്കുന്നു.
ഇതു ഹേതുവായിട്ടു ഞാൻ എൻെറ
ആട്ടിൻകൂട്ടത്തെ നിങ്ങളുടെ കയ്യിൽനി
ന്നു ചോദിക്കയും ആട്ടിൻകൂട്ടത്തെ മേ
യിക്കുന്നതിൽനിന്നു നിങ്ങളെ ഒഴിയു
മാറാക്കയും ചെയ്യും. ഈ കല്പന
എത്ര ഭയങ്കരമെന്നും ഈ സ്ഥാനത്തി
ലും നടത്തയിലും ഇരിക്കുന്ന എല്ലാവ
രോടും അല്ലയൊ എന്നും വിചാരി
പ്പീൻ. ആകയാൽ സഹോദരൻമാരായ
പട്ടക്കാരേ ഈ കാര്യത്തിൽ മററുള്ളവരേ
ക്കാൾ അധിക ചുമതല ഉള്ളവരാണ്.
നാം കൂടിയ താലന്തു വാങ്ങിച്ചിട്ടുള്ളവ
രാണ്. അതിനെ വർദ്ധിപ്പിച്ചിട്ടുണ്ടോ
ലാഭിച്ചിട്ടുണ്ടോ. ഇല്ലാ-തീർച്ചയായിട്ടും
ഇല്ലാ. നാം അതിനെ കുഴിച്ചുവച്ചിരി
ക്കുന്നു. നമ്മെ ഏൾപ്പിച്ച ആൾ കണ
ക്കു കേൾപ്പാൻ വരുന്നു. അപ്പോൾ സ
കലരുടെയും പ്രവർത്തികൾ വെളിപ്പെ
ടും. ഞങ്ങൾ നിൻെറ നാമത്തിൽ ദീർഘ
ദർശനം പറഞ്ഞു എന്നും പിശാശുക്കളെ
പുറത്താക്കിയെന്നും പഠിപ്പിച്ചു എന്നും
പ്രസംഗിച്ചു എന്നും മററും പറയുന്ന
പലരും അപ്പോൾ പുറത്തു തള്ളപ്പെ
ടും. അവർ കള്ളഭൃത്യൻമാരത്രെ. ആ
കയാൽ വിശ്വസ്ഥ ഭൃത്യൻമാരായി പു
റപ്പെടുവീൻ. ജീവൻെറ കിരീടത്തെ
പ്രാപിപ്പാൻ ഓടുവീൻ. നല്ല പോരിനെ
പൊരുത് ഓട്ടത്തെ തികപ്പീൻ. അവ
സാനത്തോളം നിലനില്ക്കുന്നവനത്രെ
ഉത്തമ ഭൃത്യനെന്നറിവീൻ. സത്യ ആ
ത്മാവിനെ പ്രാപിപ്പീൻ. ഈലോക
ആത്മാവിനെ പുറത്തു കളഞ്ഞെങ്കിൽ
മാത്രമെ ദൈവാത്മാവു പ്രവേശിക്ക
യൊള്ളു. ദിവസേന അവൻെറ കൃപക
ളെ നേടുവീൻ, നമ്മുടെ ഈ വേല
യ്ക്കു വിശുദ്ധ ആത്മാവിൻെറ ദാ
നം കൂടിയെ മതിയാവൂ. ജീവനില്ലാ
ത്ത ശരീരം ഏതു പ്രകാരമൊ അപ്രകാ
രം ആത്മാവില്ലാത്ത ദേഹിയും ആകു
ന്നു. അതുകൊണ്ട് ആത്മാവു കൂടി
യേ മതിയാവു. എങ്ങനെയെന്നാൽ തീ
ഇല്ലെങ്കിൽ കൊല്ലൻ വൃഥാവായിപ്പൊ
കും. ഇരിമ്പും കരിയും പണിക്കോ
പ്പും ഉണ്ടെന്നിരുന്നാലും പണി മുടങ്ങി
പ്പോകും. ഇപ്രകാരം ആത്മാവിൻെറ
ചൂടു ഹൃദയത്തിൽ ഇല്ലെങ്കിൽ വേല
നടക്കത്തില്ലാ, വേല ഫലിക്കത്തില്ലാ വൃ
വായിപ്പോകും. അതിനാൽ മുന്നമെ
ആത്മാവിനെ കയ്കൊൾവീൻ. കൂ
ലിക്കാരനായ ഇടയൻ പുറകെ നടന്ന്
ആടുകളെ അടിക്കുന്നു. നല്ല ഇടയനോ
മുമ്പെ നടന്നു വിളിക്കുന്നു. ആടുകൾ

വിളി കേൾക്കയും പുറകെ ചെല്ലുകയും ചെയ്യുന്നു. ഇങ്ങനെ നിങ്ങൾ മുമ്പെ നടപ്പീൻ. മുമ്പിട്ടു പ്രവർത്തിക്കുകയും പ്രവർത്തിച്ചു പഠിപ്പിക്കുകയും ചെയ്‌വീൻ. അറിവില്ലെന്നും ശക്തിയില്ലെന്നും ഒഴികഴിവു പറയേണ്ടാ. നമ്മുടെ കർത്താവിനാൽ കഴിയാത്തത് ഒന്നുമില്ല. അവന്നു സകലവും കഴിയും. നിങ്ങളെ കർത്താവിന്റെ കാല്ക്കൽ വയ്പീൻ. അവൻ ആവശ്യംപോലെ ആക്കി വർദ്ധിപ്പിച്ചുകൊള്ളും. അഞ്ചപ്പവും രണ്ടു മീനും മാത്രം തന്റെ കയ്യിൽ കൊടുത്താറെ താൻ അതിനെ വർദ്ധിപ്പിച്ച് എത്ര ആയിരം പേർക്കു മതിയാകുവോളം ആക്കിയെന്നു വിചാരിപ്പീൻ. ആകയാൽ മേലാൽ ഒഴികഴിവു പറയരുതെ. മററു സഭക്കാർ പ്രസംഗിക്കുന്നുണ്ടല്ലൊ. അതുകൊണ്ടു നമുക്കും പ്രസംഗിക്കണമെന്നു മാത്രം കരുതിപ്പറയുന്നവരുമുണ്ട്. എന്തു പ്രസംഗിക്കണമെന്നും എങ്ങനെ പറയണമെന്നും അറിയുന്നില്ല. ചിലർ പ്രസംഗിക്കുന്നു എങ്കിലും പ്രീശേൻമാരേപ്പോലെ തങ്ങൾ അതിനെ ചെയ്യുന്നില്ലാ. സാദൊക്കായകാരേപ്പോലെ ഒന്നുമില്ലെന്നു പറകയും പ്രീശേൻമാരെപ്പോലെ നടിച്ചു നടക്കയും ചെയ്യുന്നുവരുമുണ്ട്. ഞാൻ ഇവയിൽനിന്നു ഒഴിയപ്പെട്ടവനായി പറയുന്നു എന്നു വിചാരിക്കരുതേ. മനുഷ്യസ്വഭാവത്തിന്റെ സ്ഥിതിയെ പറയുന്നതാണ്. നാം തന്നെ മുന്നമെ ഭക്ഷിക്കണം, പിന്നീടു മററുള്ളവരെ തീററണം. സുവിശേഷവചനഭക്ഷണം കൊടുപ്പീൻ അല്ലെങ്കിൽ വിശപ്പുകൊണ്ടുആർത്തിപെരുകുമ്പോൾ രുചിനോക്കാതെയും പരിശോധിക്കാതെയും അന്യഭക്ഷണം ഭക്ഷിച്ചു പോയേക്കാം. അനേകർ ഈ കാലത്തു ദുരുപദേശങ്ങളും കുരുട്ടുപ്രസംഗങ്ങളുമാകുന്ന നഞ്ചു നിറഞ്ഞ ഭക്ഷണംകൊണ്ടു പുറപ്പെട്ടിരിക്കുന്നു. ശുദ്ധമുള്ള പത്രൊസു ശ്ലീഹാ പറയുന്ന പ്രകാരം സുബുദ്ധിയുള്ളവരായി ജാഗരണം ചെയ്‌വീൻ. ഹസക്കിയേൽ 33: 7–ൽ എന്തു പറയുന്നു. മനുഷ്യന്റെപുത്രാ ഞാൻ നിന്നെ ഇസ്രായേലിനു കാവല്ക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽനിന്നു കേട്ടു അവരെ ഓർമ്മപ്പെടുത്തുക. ദുഷ്ടൻ അവന്റെ വഴിയിൽനിന്നു തിരിയുവാൻ നീ അവനെ ഓർമ്മപ്പെടുത്തുന്നില്ലെങ്കിൽ അവന്റെ അന്യായത്തിൽ അവൻ മരിക്കും. അവന്റെ രക്തം നിന്റെ കയ്യിൽനിന്നു ഞാൻ ചോദിക്കും. ആകയാൽ നാം കണക്കുകൊടുക്കേണ്ടവരും ഉത്തരവാദികളുമാണെന്നോർത്തു രാപകൽ വേല ചെയ്‌വീൻ. താന്താങ്ങളുടെ ചുമതലയേയും ഉദ്യോഗത്തേയും നേരായി ഗ്രഹിച്ചു നമ്മുടെ തൽക്കാല അവസ്ഥയിൽനിന്നു പിന്തിരിവീൻ.

കടന്നുപോകുന്ന എല്ലാവരുമെ ഇതു നിങ്ങൾക്കു ഒന്നുമല്ലയൊ എന്നുള്ള സീയോൻ പുത്രിയുടെ വിലാപ വാക്കുകളെ ഓർത്തും നമ്മുടെ കർത്താവിന്റെ രക്ഷയുടെ മാധുര്യം അറിയാതെ നമ്മിൽ എത്രയോ പേർ വെള്ളം നിൽക്കാത്ത പൊട്ടപ്പാത്രങ്ങളിൽ ആശ്രയിച്ചു നാക്കുപററി നശിക്കുന്നു എന്നും സാത്താൻ തനിക്ക് അല്പകാലമെ ഒള്ളു എന്നുവച്ചു വല്യ ഗർജ്ജനത്തോടു പുറപ്പെട്ടു നീ വീണ് എന്നെ വന്ദിച്ചാൽ സകലവും ഞാൻ നിനക്കു തരാമെന്നുള്ള അവന്റെ കയ്ക്കൂലിയാൽ ലോകത്തേയും അതിന്റെ ആഡംബരങ്ങളേയും ഒന്നുകൂടെ നിറംപിടിപ്പിച്ചു എത്രപോരെ പഴയ യഹൂദായുടെ പുറകെ പറഞ്ഞയക്കുന്നു എന്നും വിചാരിച്ച് സ്വർഗസ്ഥപിതാവിന്റെ കരം നമ്മെപ്രതി ഏററവും കനിയുന്നു എന്നും നമ്മുടെ പ്രിയ രക്ഷകൻ നമുക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന വളരെ ആശയോടുകൂടി നടത്തുന്നു എന്നും വിശ്വസിച്ചും വിധി നടത്തുവാനുള്ള ദൈവകല്പനയിൻ ശബ്ദം കേൾക്കുന്ന ഉടൻ ചെയ്‌വാനായി സ്വർഗ്ഗ സേനകൾ ഭയഭക്തിയോടെ തിരുമുമ്പിൽ ഹാജരായി നില്ക്കുന്നു എന്നു ഓർത്തു വിറച്ചും വേനൽ

ക്കാലവും കഴിഞ്ഞു കൊയിത്തും തീർന്നു, നാമൊ നമുക്കു ഏല്പിക്കപ്പെട്ട ആട്ടിൻകൂട്ടമൊ രക്ഷിക്കപ്പെട്ടതുമില്ലാ എന്നു വരാതിരിപ്പാനായി ശ്രമിച്ചും നല്ല ഫലം കായിക്കാത്ത വൃക്ഷം ഒക്കെയും വെട്ടപ്പെട്ട് അഗ്നിയിൽ ഇടപ്പെടുമെന്നുള്ള വചനത്തെ ചിന്തിച്ചു മുടിയനായ ദാസനു എന്തു സംഭവിച്ചു എന്ന് ഓർത്തുംകൊണ്ടു ദൈവഭവനത്തിൻെറ ശില്പശാരികളാകയാൽ ക്രിസ്തു എന്ന മൂലക്കല്ലിനെ അടിസ്ഥാനമാക്കി നന്നായി ഭവനംപണിയുകയും കർത്താവിൻെറ മുന്തിരിതോട്ടത്തിലെ വേക്കാരാകയാൽ തോട്ടത്തിൽ കള പറിച്ചു കൊത്തിക്കിളച്ചു വളം ഇടുകയും മുന്തിരിയുടെ ചില്ലികൾ മുറിക്കയും തണ്ടുകൾ ഒടിക്കയും കാവൽക്കാരാകയാൽ ഉണർവോടെ ഇരിക്കയും ഇടയൻമാരാകയാൽ ആട്ടിൻകൂട്ടത്തെ പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങളിൽ മേയിക്കയും ചെന്നാ മുതലായ ദുഷ്ടമൃഗങ്ങളിൽനിന്നു സൂക്ഷിക്കയും ദീനമായതിനെ സൗഖ്യമാക്കുകയും ഒടിഞ്ഞിരിക്കുന്നതിനെ മുറി കെട്ടുകയും ഇതുപോലെയുള്ള സംഗതികളുടെ നടത്തക്കായി വിളിക്കുന്നവരുടെ ശബ്ദം കേട്ടാൽ ഉടൻ ഓടിച്ചെല്ലുകയും ബലാൽകാരേണയല്ല നല്ലമനസ്സോടെയെന്നുള്ള അപ്പോസ്തൊലൻെറ വാക്കിനെ അവലംബിച്ച ശേഷം നമുക്കുള്ള ഓരൊരൊ നാമപ്രകാരം ചെയ്യിക്കയും ചെയ്വീൻ.

ഇവിടെ കൂടിയിരിക്കുന്ന എപ്പേർപ്പെട്ട മനുഷ്യരെ നിങ്ങൾ ഒഴിയപ്പെട്ടവരെന്നു വിചാരിക്കരുതേ. നമ്മുടെ മനസ്സു പരമരക്ഷകനായ യേശുമിശിഹായിൽനിന്നു പരസംഗമായി പോയിരിക്കുന്നു. നാം എല്ലാവരും ഒരുപോലെ തെററി വഷളായിരിക്കുന്നു. നൻമ ചെയ്യുന്നവനില്ലാ ഒരുത്തൻപോലുമില്ലാ. ആകയാൽ നിങ്ങൾ മനസ്സുതിരിഞ്ഞു കർത്താവിനെ സത്യമായി സ്നേഹിപ്പീൻ, ഇന്നുതന്നെ ഇപ്പോൾ തന്നെ എന്നു നിശ്ചയിപ്പീൻ. നാളെ എന്നു വിചാരിക്കരുതേ, നാളെ എന്നതു നമുക്കുള്ളതല്ലാ. ഈ കാണുന്ന പകലിനെ നാളെ കാണുമോ എന്ന് നിശ്ചയിപ്പാൻ പാടില്ലാ. നിങ്ങളുടെ സകല പാപത്തേയും ഉപേക്ഷിപ്പീൻ. കാലം ചുരുക്കം മാത്രം. മരണം വാതുക്കൽ നില്ക്കുന്നു. ന്യായവിധി ഭയങ്കരമായി കാത്തിരിക്കുന്നു. നാളെ എന്ന അവധി കുറിക്കരുതേ. നിവൃത്തിക്കപ്പെടേണ്ടും കാര്യങ്ങൾ നിങ്ങൾക്കുവേണ്ടി നാളത്തേക്കു കാത്തിരിക്കയില്ലെന്നു വന്നേക്കാം. അതുകൊണ്ട് ഇപ്പോൾ നിവർത്തിപ്പീൻ. കർത്താവു ഇതാ കല്പിക്കുന്നു. അവനെ അനുസരിപ്പീൻ. രക്ഷിതാവു നിങ്ങളോട് അപേക്ഷിക്കുന്നു. അവനിൽ മാത്രം ആശ്രയിപ്പീൻ. ജഢമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ആത്മമനുഷ്യനെ ധരിപ്പിൻ. ജഡ ഇച്ഛകളെ വിടുവീൻ. ലോക മനസ്സിനെ ഉപേക്ഷിപ്പീൻ. കർത്താവിനെയും അവൻെറ കല്പനയേയും മാത്രം പൂർണ്ണമായി സ്നേഹിപ്പീൻ. ഇതിനുവേണ്ടി ദൈവം തൻെറ ആത്മാവുമൂലംനാം ഓരൊരുത്തർക്കും സഹായിക്കട്ടെ ആമ്മീൻ.

*With Compliments of :*

**ELITE RUBBERS, Kodimatha, Kottayam-1.**

**P. T. MATHEW & THOMSON RUBBERS, Rubber Dealers, Kanjikuzhi, Kottayam-1.**

**VEEJEE CORPORATION, Rubber Dealers, Thodupuzha.**

**JANA RUBBERS, Kodimatha, Kottayam-1**

# മലങ്കര സുറിയാനി ക്നാനായ സമുദായം – ചരിത്രപരമായ ഒരു അവലോകനം

(ഇ. എ. ഫിലിപ്പ്, ഇടവഴിക്കൽ)

മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷഫലമായി ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ കോണിൽ ധാരാളംപേർ ക്രിസ്ത്യാനികളായി തീരുകയും നാലു ബ്രാഹ്മണ കുടുംബങ്ങളിൽനിന്നു ക്രിസ്ത്യാനികളായ ചിലരെ അവർക്കു പട്ടക്കാരായി വാഴിച്ചുകൊടുക്കുകയും ചെയ്തെങ്കിലും കാലക്രമേണ വൈദീകർ ഇല്ലാത്ത ഒരു സമൂഹമായി അനേകനാൾ ഇവർക്കു കഴിയേണ്ടിവന്നു. വിദേശത്തുനിന്നും വൈദീകരെ ലഭിക്കുന്നതിനുണ്ടായ ബുദ്ധിമുട്ടും തദ്ദേശീയരായ അക്രൈസ്തവരുടെ ഭീഷണിയും നിമിത്തം ഒരു നേതൃത്വത്തിനുവേണ്ടി ഉററുനോക്കിക്കൊണ്ടിരുന്ന നസ്രാണി ക്രിസ്ത്യാനികൾ, വ്യാപാരാർത്ഥം മലബാർ തീരത്തു വന്നുചേർന്ന ക്നായി തോമ്മായെ കാണുകയും തത്പരിഹാരാർത്ഥം അദ്ദേഹം അവർക്കു സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഊർശ്ലേം സ്വദേശിയായിരുന്ന തോമ്മാ സ്വദേശത്തു തിരിച്ചെത്തുകയും വിവരം അന്ത്യോഖ്യാ പാത്രിയർക്കീസിനെ ധരിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി എത്രയും വേഗം മെത്രാനെയും പട്ടക്കാരെയും ഒരുസംഘം ആളുകളേയും ഇന്ത്യയിലേക്കു അയച്ചുകൊടുക്കുന്നതിനു പാത്രിയർക്കീസ് തീരുമാനിച്ചു.

''അറിയൊ'' എന്ന സിറിയൻ രാജാവിനാൽ ബി. സി. 132–ൽ സ്ഥാപിതമായതും ''അബ്ഗർ'' എന്ന സിറിയൻ രാജാവിന്റെ തലസ്ഥാനമായിരുന്നതും ''എഡേസാ'' എന്നു ഗ്രീക്കു ഭാഷയിൽ വിളിക്കപ്പെടുന്നതുമായ ഒരു പട്ടണമാണ് ''ഉറഹോയ്''. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടു ഭരണത്തിൽ ഇരുന്നിരുന്ന മേല്പറഞ്ഞ പട്ടണത്തിലെ മെത്രാനായിരുന്ന മാർ യൗസേപ്പിനെയും രണ്ടു പട്ടക്കാരെയും രണ്ടു ശെമ്മാശ്ശൻമാരെയും ഊർശ്ലേമും ചുററുപാടുമുള്ള സ്ഥലങ്ങളിൽനിന്നു സ്ത്രീപുരുഷൻമാർ അടങ്ങിയ നാനൂറോളം ആളുകളേയുംകൂട്ടി ക്നായി തോമ്മായുടെ നേതൃത്വത്തിൽ ആവശ്യമായ കല്പനകളും കൊടുത്തു പ. പാത്രിയർക്കീസ് ബാവാ ഇവരെ അനുഗ്രഹിച്ചു യാത്രയാക്കി. ഇവർ ഏഴു ഗോത്രങ്ങളിൽപ്പെട്ട എഴുപത്തിരണ്ടു കുടുംബക്കാർ ആയിരുന്നു. ഈ ഏഴു ഗോത്രങ്ങളുടെ പേരുകൾ—ബാജി, ഹാദായി, കോജാ, ബേൽകോത്ത്, കുജാലിക്ക്, മജമോത്ത്, തെജമത്ത് ഇവയാണ്. (മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ, പേജ് 63, by ഇ.എം. ഫീലിപ്പ്). ഇവർ യാത്രപുറപ്പെട്ടു പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനമായ സോലിക്കിൽ എത്തിച്ചേർന്നു.

കാതോലിക്കാ ഇവർക്ക് അനേകം സമ്മാനങ്ങളും ആശീർവാദവും നല്കി ഇന്ത്യയിലേക്കു യാത്രയാക്കി. മൂന്നു കൂട്ടം കാര്യങ്ങൾ കാതോലിക്കാ ഇവരെ അനുസ്മരിപ്പിക്കുകയുണ്ടായി. അവ എന്തൊക്കെയാണെന്നു ക്നാനായ കമ്മിററിയുടെ അംഗീകാരത്തോടും ശ്രേഷ്ഠാനുമതിയോടുംകൂടി ശ്രീ പി. ഐ. ഉതുപ്പാൻ പ്രസിദ്ധീകരിച്ച മലങ്കര സുറിയാനി ക്നാനായ സമുദായ ചരിത്രത്തിന്റെ 31, 32 പേജുകളിൽനിന്നും താഴെ ഉദ്ധരിക്കുന്നു.

(1) ''ബന്ധങ്ങൾ വേർപെടാതോർക്കേണമെപ്പോഴും.'' അതായത്പാത്രിയർക്കീസിനോടും കാതോലിക്കായോടുമുള്ള ബന്ധങ്ങൾ വേർപെടുത്തരുതെന്നും സ്വയംപര്യാപ്തതയ്ക്കു വേണ്ടി കാതോലിക്കായുടെ പല അധികാരങ്ങളും വിട്ടുകൊടുത്തെങ്കിലും അവ അത്യാവശ്യ സമയങ്ങളിൽ ഉപയോഗിക്കാനുള്ളതാകയാൽ മേലധികാരങ്ങളുമായുള്ള ബന്ധം വിടരുതെന്നും പന്ത്രണ്ടു വർഷത്തിനകം വേണ്ടിവന്നാൽ മേല്പട്ടക്കാരെ വീണ്ടും അയച്ചുതരാമെന്നും വാഗ്ദാനം ചെയ്തു.

(2) ''പത്തുമൊരേഴുമെന്നെപ്പോഴും ചിന്തിപ്പീൻ'' പത്തുകല്പനകളും ഏഴു കൂദാശകളും വിസ്മരിക്കരുത്.

(3) ''പാടുമറിയാതെയിരിക്കേണം നിങ്ങളേ''. അതായത്, "നിങ്ങൾ മിശ്രവിവാഹം ചെയ്തു ജാതി നശിപ്പിച്ചു വീണ്ടും മലങ്കരസഭ അധഃപതിക്കുവാൻ ഇടയാകരുത്.'' ഇപ്രകാരം ഇവരെ ഇന്ത്യയിലേക്ക് അയക്കുവാൻ അന്ത്യോഖ്യായ്ക്കു അധികാരമുണ്ടായിരുന്നു. എന്തെന്നാൽ ഇന്ത്യയും ചൈനയും വരെ അന്ത്യോഖ്യായ്ക്ക് അധികാരമുണ്ടായിരുന്നു. ഇത് എ. ഡി. 325—ൽ കൂടിയ നിഖ്യാ സുന്നഹദോസ് സ്ഥിരപ്പെടുത്തുകയുമുണ്ടായി.

നിഖ്യാ സുന്നഹദോസിനു 20 വർഷം കഴിഞ്ഞു എ. ഡി. 345—ൽ മേല്പറഞ്ഞ സംഘം കടൽവഴിയായി യാത്രചെയ്തു കൊടുങ്ങല്ലൂർ വന്നിറങ്ങി. അന്നത്തെ നാടുവാഴിയായിരുന്ന ചേരമാൻ പെരുമാളിനെ കണ്ടു വിലയേറിയ സമ്മാനങ്ങൾ കാഴ്ചവയ്ക്കുകയും പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും കല്പനകൾ സമർപ്പിക്കുകയും ചെയ്തു. ഇന്ത്യയിലെ തന്റെ പ്രതിനിധിയായി ക്നായി തോമ്മായെ നിയമിച്ചുകൊണ്ടുള്ള അബ്ഗർ രാജാവിന്റെ രേഖയും ഹാജരാക്കി. വ്യാപാരാഭിവൃദ്ധി ലക്ഷ്യമാക്കിയിരുന്ന പെരുമാൾ ഇവരുടെ വരവിൽ സന്തോഷിച്ചു. ഇവർക്ക് അനേകം സ്ഥാനമാനങ്ങളും, പദവികൾ അടങ്ങിയ ചെമ്പു പട്ടയങ്ങളും കൊടുത്തു കൂടാതെ കരമൊഴിവായി സ്ഥലങ്ങളും പള്ളിവയ്പാൻ സ്ഥലവും അനുവദിച്ചുകൊടുത്തു. ഇപ്രകാരം മഹോദേവർ പട്ടണത്തിൽ തെക്കുഭാഗത്ത് ഇവർ വീടുവച്ചു താമസിക്കുകയും പള്ളി പണിയിക്കുകയും ചെയ്തു. പട്ടണത്തിന്റെ തെക്കുവശത്തു താമസിച്ചിരുന്നതിനാൽ ഇവരെ തെക്കുംഭാഗർ എന്നും വടക്കുഭാഗത്തു താമസിച്ചിരുന്ന നസ്രാണി ക്രിസ്ത്യാനികളെ വടക്കുംഭാഗർ എന്നും പറഞ്ഞുവരുന്നു. പരദേശത്തുനിന്നും വന്ന ഇവർ ഇവിടെയുള്ള നാട്ടുക്രിസ്ത്യാനികളുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടാതെ ഇന്നും ഒരു പ്രത്യേക വർഗ്ഗമായി നിലനിന്നുവരുന്നു. ഇവർക്കു ചില പ്രത്യേക അവകാശങ്ങളും പാരമ്പര്യങ്ങളും ഉള്ളതുകൂടാതെ ഒരു പ്രത്യേകസമുദായമായി നിലനില്ക്കുകയും ചെയ്തുവരുന്നു. ഇവരുടെ വരവോടുകൂടി ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു ''സുറിയാനിക്കാർ'' എന്നു പേർ സിദ്ധിച്ചു. മേൽ പറയപ്പെട്ട പരദേശ ക്രിസ്ത്യാനികളുടെ സന്താന പരമ്പരകളുടെ സമൂഹത്തെയാണ് ''ക്നാനായക്കാർ'' അഥവാ ''തെക്കുംഭാഗർ'' എന്നു പറഞ്ഞുവരുന്നത്.

പാത്രിയർക്കാദിനാഘോഷം (തുടർച്ച)



മന്ത്രി കെ. എം. മാണി പ്രസംഗിക്കുന്നു



''ഒരു പുതിയ അദ്ധ്യായം ആരംഭിക്കുവാനാണ് നാം ഇവിടെ വന്നിരിക്കുന്നത്''
പാത്രിയർക്കാദിനാഘോഷത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ പ്രസംഗിക്കുന്നു.



മഞ്ഞനിക്കരയിൽ—മുൻഗാമിയുടെ കബറിങ്കൽ

ധൂപം വീശുന്നത്ˇ: അമേരിക്കയുടെയും കാനഡായുടെയും ആർച്ച്ˇ ബിഷപ്പ്ˇ യേശു മോർ അത്താനാസ്യോസ്ˇ മെത്രാപ്പോലീത്താ, ശ്രേഷ്ഠ കാതോലിക്കാ ബാവാ, മദ്ˇധ്യ യൂറോപ്യൻ രാജ്യങ്ങളുടെ ആർച്ച്ˇ ബിഷപ്പ്ˇ യേശു മോർ യൂലിയോസ്ˇ എന്നീ തിരുമേനിമാരേയും കാണാം




ദുക്ˇറോനോ ജൂബിലി
കൊണ്ടാടപ്പെട്ട
മോർ ഇഗ്ˇനാത്യോസ്ˇ നഗർ
മഞ്ഞനിക്കര

## ദുക്റോനോ ഗോൾഡൻ ജൂബിലി സമ്മേളനം



മോർ ഇഗ്നാത്യോസ് നഗറിലെ സമ്മേളനവേദിയിലേക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവാ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ ആനയിക്കുന്നു



ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് ഡോ. ആൻറണി പടിയറ തിരുമേനി ജൂബിലി സമ്മേളനത്തിൽ പ്രസംഗിക്കുന്നു



ദുക്റോനോ ഗോൾഡൻ ജൂബിലി സമ്മേളനത്തിൽ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി പ്രസംഗിക്കുന്നു



പരിശുദ്ധ പാത്രിയർക്കീസ് ബാവാ കടന്നുപോയ സ്ഥലങ്ങളിലെല്ലാം നാനാജാതിമതസ്ഥർ ചേർന്ന് ഗംഭീര സ്വീകരണമാണ് നൽകിയത്. ഇലന്തൂർ പൗരാവലി നൽകിയ സ്വീകരണത്തിൽനിന്ന്

ക്നാനായക്കാരുടെ വരവോടുകൂടി മലങ്കര സഭയ്ക്കു പുതിയ ഉണർവ്വും ഉത്തേജനവും സിദ്ധിച്ചു. പ. പാത്രിയർക്കീസിന്റെ കല്പനപ്രകാരം ഉറഹായുടെ മാർ യൗസേഫ് മെത്രാൻ മലങ്കര ക്രിസ്ത്യാനികളുടെ മുഴുവൻ അധികാരിയായിത്തീർന്നു. സിറിയൻ കുടിയേറ്റംമൂലം മലങ്കരസഭയ്ക്കുണ്ടായ പ്രയോജനങ്ങളം ബഹുമാനപ്പെട്ട കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായുടെ ''മലങ്കര സുറിയാനി സഭ'' എന്ന ഗ്രന്ഥത്തിന്റെ 110, 111 വശങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: ''മെത്രാനില്ലാതിരുന്നവർക്ക് ഒരു മെത്രാനെ ലഭിച്ചു; ഒരു വ്യവസ്ഥാപിത കുർബാനക്രമമില്ലാതിരുന്നവർക്കു, വ്യവസ്ഥാപിതമായ, ഏററവും പുരാതനമായ അന്ത്യോഖ്യൻ കുർബാനക്രമം ലഭിച്ചു; പട്ടക്കാരുടെപോലും അഭാവംകൊണ്ടു വിഷമിച്ചു കഴിഞ്ഞുകൂടിയിരുന്നവർക്ക്, ഉറഹായുടെ മെത്രാനാൽ ഇവിടെ പട്ടം കെട്ടപ്പെട്ടവരും, അദ്ദേഹത്തോടൊരുമിച്ചു വന്നവരുമായ പട്ടക്കാരെയും ശെമ്മാശ്ശൻമാരെയും ലഭിച്ചു; വിദേശത്തു നിന്നുള്ള ക്രിസ്ത്യാനികളുടെ സംഘം ചേർന്നുള്ള വരവുമൂലം നാട്ടുക്രിസ്ത്യാനികഠംക്കു കൂടുതൽ ആനന്ദവും ധൈര്യവും അഭിമാനവുമുണ്ടായി. രാജ്യം വാണിരുന്ന പെരുമാളിൽനിന്നും അവർക്ക് അഭിമാനകരമായ പദവികളും ലഭിച്ചു. ഇങ്ങനെ സർവ്വപ്രകാരേണയും, 4—ാം നൂററാണ്ടിലെ മലങ്കരസഭ അഭിമാനപൂർവം തലയുയർത്തിനിന്നു.

9—ാം നൂററാണ്ടിൽ കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന യഹൂദൻമാരും മുഹമ്മദീയരും തമ്മിൽ ഒരു യുദ്ധമുണ്ടാവുകയും ക്രിസ്ത്യാനികളുടെ അങ്ങാടിക്കു നാശം സംഭവിക്കുകയും ചെയ്കയാൽ സർവ്വസ്വവും ഉപേക്ഷിച്ചു നാനാദേശങ്ങളിലേക്കും ഓടിപ്പോയി. ക്നാനായക്കാർ ഭൂരിഭാഗവും ഉദയംപേരൂർ, കടുത്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ പോയി പാർത്തു. പിന്നീട് കടുത്തുരുത്തി രാജാവുമായുണ്ടായ വഴക്കിൽ അവർ മുളന്തുരുത്തിൽ പോയി പാർക്കുകയും പള്ളി പണിയിക്കുകയും ചെയ്തു. കാലക്രമേണ കടുത്തുരുത്തി രാജാവ് ഇവരെ തിരിച്ചുവിളിക്കയാൽ മുളന്തുരുത്തി പള്ളിയുടെ താക്കോൽ പാലത്തുങ്കൽ മാപ്പിളയെ ഏല്പിച്ചിട്ടു തിരികെ പോയി. ഇപ്പോഴുള്ള പുരാതന മുളന്തുരുത്തി സുറിയാനി പള്ളി ക്നാനായക്കാർ പണിയിച്ചതാണ്. കൊല്ലവർഷം 700—നു ശേഷം കുറേപ്പേർ കോട്ടയത്തു വന്നു താമസിക്കുകയും കൊല്ലവർഷം 725—ൽ കോട്ടയം വലിയ പള്ളിക്ക് അടിസ്ഥാനമിടുകയും ചെയ്തു. എ. ഡി. 1580—ൽ കല്ലിശ്ശേരി പള്ളിയും 1742—ൽ റാന്നി വലിയപള്ളിയും സ്ഥാപിച്ചു. ഇപ്പോഠം കാഞ്ഞാങ്കാടു മുതൽ തിരുവനന്തപുരം വരെയുള്ള വിവിധ പ്രദേശങ്ങളിലായി ക്നാനായ സമുദായത്തിനു അമ്പതോളം പള്ളികഠം ഉണ്ട്. ചരിത്രപ്രസിദ്ധമായ രണ്ടു പേർഷ്യൻ കുരിശുകഠം സ്ഥിതിചെയ്യുന്നത് കോട്ടയം വലിയപള്ളിയിലത്രെ.

കൽക്കിദോൻ സുന്നഹദോസിൽ (എ. ഡി. 451) വച്ച് അതുവരെ ഒന്നായിരുന്ന ക്രിസ്തീയ സഭ രണ്ടു ഭിന്ന ചേരികളായി മാറുകയുണ്ടായി. അന്ത്യോഖ്യാ പാത്രിയർക്കീസും അലക്സാന്ത്യാ പാത്രിയർക്കീസും ഒരേ വിശ്വാസത്തിലും, റോമ്മാ പാത്രിയർക്കീസും കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസും വേറിട്ടും നില്ക്കുന്നതിനു ഇടയായി. എ. ഡി. 498—ൽ സെലൂഷ്യയിലെ കാതോലിക്കാ നെസ്തോറിയ വേദവിപരീതം സ്വീകരിച്ചു. സത്യ വിശ്വാസിയായ വേറെ കാതോലിക്കാ സെലൂഷ്യയിൽ ഉണ്ടായപ്പോഠം ഇരുകൂട്ടരും ഇടയ്ക്കിടെ മെത്രാൻമാരെ മലബാറിലേക്ക് അയച്ചുകൊണ്ടിരുന്നെങ്കിലും മലങ്കരയിൽ നെസ്തോറിയ വിശ്വാസത്തിനു കാര്യമായി വേരോടിക്കുവാൻ സാധിച്ചിരുന്നില്ല. 16—ാം നൂററാണ്ടിൽ

പറങ്കികളുടെ വരവോടുകൂടിയാണ് മലങ്കര സഭയ്ക്കു വലിയ ഉപദ്രവം നേരിട്ടത്. കരയിലും കടലിലും പോർട്ടുഗീസുകാർ ആധിപത്യം സ്ഥാപിച്ചിരുന്നതിനാൽ ശീമയിൽനിന്നും മെത്രാൻമാർക്കു മലങ്കരയിൽ വരാൻ നിവൃത്തി ഇല്ലാതെയായി. 1539–ൽ ഗോവയിലെ പ്രഥമ റോമൻ മെത്രാൻ ജോൺ ഡി ആൽബുക്കർക്ക്, വിൻസൻറ് ഡിലാഗൊ എന്ന ഫ്രാൻസിസ്കൻ സന്യാസിയെ മലയാളത്തേക്കു അയക്കുകയും കൊടുങ്ങല്ലൂരിൽ അനാഥശാല സ്ഥാപിക്കുകയും ചെയ്തു. 1581–ൽ വൈപ്പിക്കോട്ടയിൽ ഒരു കോളജും വൈദീക സിമ്മനാരിയും സ്ഥാപിച്ചു. സുറിയാനി സഭയെ റോമായ്ക്കു കീഴാക്കുന്നതിനുള്ള സർവ്വ അധികാരവും കൊടുത്ത് അലക്സീസ് ഡി മെൻസീസിനെ ഗോവയിലെ ആർച്ച്ബിഷപ്പായി 1594–ൽ റോമ്മാ പാപ്പാ നിയമിച്ചയച്ചു. അങ്കമാലിയിൽ സുറിയാനിക്കാരുടെ ഒരു യോഗം ഗീവറുഗീസ് അർക്കദിയാക്കോൻ വിളിച്ചുകൂട്ടി; യാതൊരു മെത്രാനെയും സുറിയാനിക്കാരുടെ പള്ളികളിൽ കയററരുതെന്നു തീരുമാനിച്ചു.

കൊച്ചിയിൽ എത്തിയ മെൻസീസ് 1599–ൽ പട്ടാള അകമ്പടിയോടെ ഉദയം പേരൂർവച്ച് ഒരു സൂന്നഹദോസ് കൂട്ടുകയും സുറിയാനിക്കാരുടെ വിശ്വാസങ്ങളെയെല്ലാം ഭേദപ്പെടുത്തുകയും ചെയ്തു. സുറിയാനിക്കാരുടെ പുരാതന ഗ്രന്ഥങ്ങൾ എല്ലാം ചുട്ടു നശിപ്പിക്കുകയും പട്ടക്കാരെക്കൊണ്ട് അവരുടെ ബസ്കിയാമ്മമാരെ ഉപേക്ഷിപ്പിക്കുകയും ചെയ്തു. 1641–ൽ സുറിയാനിക്കാരെ ഭരിക്കുന്നതിനായി ഗാർഷ്യാ എന്ന ആരം നിയോഗിക്കപ്പെടുകയും സുറിയാനിക്കു പകരം ലത്തീൻഭാഷ ഉപയോഗിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തുകൊണ്ട് വളരെ ക്രൂരമായി ഭരണം നടത്തി. ഏതാനും കൊല്ലങ്ങൾക്കുശേഷം അന്ത്യോഖ്യാപാത്രിയർക്കീസായിരുന്ന അഹത്തുള്ളാ ബാവാ വേഷം മാറി ഇന്ത്യയിൽ എത്തിയെങ്കിലും പറങ്കികൾ പിടിച്ചു കൊച്ചി കോട്ടയിൽ കൊണ്ടുവരികയും കടലിൽ കെട്ടിത്താഴ്ത്തി കൊല്ലുകയുമാണുണ്ടായത്. ക്ഷുഭിതരായ സുറിയാനിക്കാർ മട്ടാഞ്ചേരിൽ കൂടി ഒരു കരിങ്കൽ കുരിശിൽ ആലാത്തുകെട്ടി പിടിച്ചുകൊണ്ടു തങ്ങളും തങ്ങളുടെ സന്തതികളും ഒരു കാലത്തും റോമ്മാ നുകം സ്വീകരിക്കയില്ലെന്നു സത്യപ്രതിജ്ഞ ചെയ്തു. സത്യവാചകം ചൊല്ലിക്കൊടുത്തത് കല്ലിശ്ശേരി പള്ളി ഇടവകയിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്ന ക്നാനായ പട്ടക്കാരനായിരുന്നു. ഈ സംഭവത്തോടുകൂടി അനേകരും സത്യസുറിയാനി സഭയിലേക്കു തിരിച്ചുപോന്നെങ്കിലും ഒരു ചെറിയ വിഭാഗം റോമ്മൻ സഭയിൽ ചേർന്നുനിന്നു. ഇപ്രകാരം ക്നാനായ സമുദായത്തിലും ഒരു വിഭാഗം റോമൻ കത്തോലിക്കരായിത്തീർന്നു. കോട്ടയം വലിയ പള്ളിയിലും ചെറിയ ഒരു വിഭാഗം റോമൻ കത്തോലിക്കരായിത്തീരുകയാൽ പിന്നീട് റെസിഡണ്ട് മണ്റൊ സായ്പിൻെറ ഒരു ഉത്തരവിനാൽ അവരെ ഇറക്കിവിട്ടു പള്ളി വീണ്ടെടുക്കുന്നതിനു സാധിച്ചു.

ഗീവറുഗീസ് അർക്കദിയാക്കോൻെറ പിൻഗാമിയായി വന്നത് തോമസ് അർക്കദിയാക്കോൻ ആയിരുന്നു. അദ്ദേഹമാണ് ഒന്നാം മാർത്തോമ്മാ ആയത്. മാർത്തോമ്മായുടെ ഉപദേശകസമിതിയിൽ നാലു പട്ടക്കാർ ഉണ്ടായിരുന്നതിൽ ഒന്ന് ഇട്ടിത്തൊമ്മൻ കത്തനാർ ആയിരുന്നു. വേറൊന്ന് കടവിൽ ചാണ്ടി കത്തനാരും. നാലുപേരിൽ രണ്ടുപേർ പിന്നീടു റോമ്മായോടു ചേരുകയുണ്ടായി. അതിൽ ഒന്നായ കടവിൽ ചാണ്ടി കത്തനാർക്ക് ഇട്ടിത്തൊമ്മൻ കത്തനാർ അയച്ച ഒരു കത്തിൻെറ പകർപ്പ്, 'മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ' പേജ് 151–152 കാണാം. കത്തനാരുടെ സുറിയാനി സഭയോടുള്ള വിശ്വാസവും തീക്ഷ്ണതയും വ്യക്തമാക്കുന്നതാണ് പ്രസ്തുത കത്ത്. തോമ്മാ അർക്കദിയാ

ക്കോനെയും സന്തത സഹചാരിയായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാരെയും വധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അവരെ പിടിച്ചുകെട്ടി ഏല്പിക്കണമെന്നുള്ള പറങ്കിമെത്രാന്റെ ആജ്ഞ അനുസരിച്ച് അവരെ തടവിലാക്കി കൊച്ചിയിൽ കൊണ്ടുവന്ന് ഒരു കൊട്ടാരത്തിൽ താമസിപ്പിച്ചിരിക്കുമ്പോൾ, അവരെ കണ്ട് അവസാനയാത്ര പറയുന്നതിനായി മുളന്തുരുത്തിക്കാരായ രണ്ടു വൃദ്ധ അത്മായക്കാർ അവരുടെ അടുക്കൽ എത്തിച്ചേരുകയും, അർക്കദിയാക്കോന്റെയും മററും രക്ഷയ്ക്കുവേണ്ടി തങ്ങളുടെ ജീവൻവെടിയാൻപോലും അവർ ഒരുക്കമാണെന്ന് അറിയിക്കുകയും ചെയ്തു. കുശാഗ്രബുദ്ധിയായ കത്തനാർ ഒരു ഉപായം കണ്ടുപിടിച്ചു. പരസ്പരം വേഷംമാറി അവർ രക്ഷപെടുകയും ചെയ്തു. പിന്നീട് മെത്രാന്റെയും മററും വേഷംധരിച്ചു കിടന്നിരുന്നവരെ കൊച്ചിരാജാവ് പറങ്കികൾക്കു കൈമാറിയെങ്കിലും യഥാർത്ഥ ആളുകൾ ഇവരല്ലെന്നു മനസ്സിലാക്കുകയാൽ അവരെ താഡിച്ചു പറഞ്ഞയക്കുകയും ചെയ്തു. ഇപ്രകാരം അവർ രക്ഷപെട്ടില്ലായിരുന്നെങ്കിൽ ഗോവയിലെ ദണ്ഡനസ്ഥലത്തുവച്ച് മെത്രാനെയും കത്തനാരെയും പറങ്കികൾ ദഹിപ്പിക്കുമായിരുന്നു.

ഒരേ വിശ്വാസത്തിലും ഒരേ സഭാതലവന്റെ കീഴിലും നിന്നിരുന്ന മലങ്കര സഭയിൽ വിഭേദവും ഭിന്നിപ്പും സൃഷ്ടിച്ചത് പറങ്കികളത്രെ. പറങ്കിമെത്രാൻമാരുടെ വരവോടുകൂടിയല്ലാതെ മലങ്കരസഭയിൽ റോമ്മാവേദം കടന്നു വന്നിട്ടില്ലെന്നു സ്പഷ്ടമായി പറയാം. നിഖ്യാ സുന്നഹദോസ് നിശ്ചയമനുസരിച്ച് അന്ത്യോഖ്യായ്ക്കല്ലാതെ മററാർക്കും ഇന്ത്യയിലെ സഭമേൽ അധികാരമില്ലെന്നു കണ്ടുകഴിഞ്ഞു. ഉറഹായുടെ മാർ യൗസേഫ് മെത്രാനെയും മററും ഇങ്ങോട്ടയച്ചത് അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കല്പനയോടെയാണെന്നു ക്നാനായ റോമൻ കത്തോലിക്കനായ ജോസഫ് ചാഴികാട്ടു ''തെക്കുംഭാഗസമുദായചരിത്രം'' രണ്ടാം പതിപ്പ് 59, 64, 65 പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1982 ജനുവരി 13—ാം തീയതി പ്രസിദ്ധീകരിച്ച ''സത്യദീപം'' എന്ന കത്തോലിക്കാ വാരികയിൽ ഇന്ത്യയിലെ കത്തോലിക്കാ സഭയുടേയും മററും സ്ഥിതിവിവര കണക്കു കൊടുത്തിരിക്കുന്നതിൽ റോം സ്ഥാപിച്ച ഏററവും പുരാതന രൂപതകളുടെ പേരും സ്ഥാപന വർഷവും കാണിച്ചിട്ടുണ്ട്. അതിൽ ഏററവും ആദ്യത്തെ രൂപതയായ കൊല്ലം 1329—ൽ സ്ഥാപിച്ചതായിട്ടാണ് പറയുന്നത്. റോമൻ കത്തോലിക്കാസഭ ഏതെങ്കിലും രൂപത്തിൽ ഇന്ത്യയിൽ അതിനുമുമ്പു ഉണ്ടായിരുന്നെങ്കിൽ അവർ അതു രേഖപ്പെടുത്തുമായിരുന്നു. ഇതിൽനിന്നും മലങ്കരസഭയ്ക്ക് ആദിമ നൂററാണ്ടു മുതലേ അന്ത്യോഖ്യായോടാണ് ബന്ധമുണ്ടായിരുന്നതെന്നു സ്പഷ്ടമാണല്ലൊ.

പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസിന്റെ ശീശ്മമൂലം മലങ്കരസഭയിൽ കുഴപ്പമുണ്ടായപ്പോൾ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെ തെരഞ്ഞെടുത്തു ശീമയ്ക്ക് അയക്കുകയും പാത്രിയർക്കീസിനെക്കൊണ്ടു മെത്രാൻ പട്ടം കൊടുപ്പിക്കുകയും ചെയ്തത് കോട്ടയത്തു വലിയപള്ളി വികാരിയായിരുന്ന ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ ആയിരുന്നു. (മലങ്കരസഭ സന്ദർശിച്ചു ഭരിച്ച ശീമക്കാരായ പിതാക്കൻമാർ പേജ് 99). നവീകരണക്കാരുമായി മലങ്കരസഭയ്ക്കു വ്യവഹാരം നടത്തേണ്ടിവന്നപ്പോൾ അതിന്റെ ചുമതല ആദ്യവസാനം ഏററുനടത്തിയത് ക്നാനായ സമുദായത്തിൽപ്പെട്ട ഇടവഴിക്കൽ ഇ. എം. ഫിലിപ്പും മാലിത്തറ ഏലിയാസ് കത്തനാരുമായിരുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ പ്രൈവററ് സെക്രട്ടറിയായും, മലങ്കര അസോസ്യേഷൻ സെക്രട്ടറിയായും, എം. ഡി. സ്കൂളിന്റെ കറസ്പോണ്ടൻറായും

പ്രശസ്ത സേവനം അനുഷ്ഠിക്കുകയും; മലങ്കരസഭയുടെ നാവായിരുന്ന ''ഇടവകപത്രിക''യുടെ പത്രാധിപരായിരുന്നുകൊണ്ട് സത്യവിശ്വാസത്തിനുവേണ്ടി ധീരമായി പോരാടിയതും ശ്രീ ഫിലിപ്പ് ആയിരുന്നു. പ്രസിദ്ധമായ റോയൽ കോടതിവിധി സമ്പാദിച്ചതിന്റെ ശാശ്വത സ്മരണയ്ക്കായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെയും ശ്രീ ഇ. എം. ഫിലിപ്പിന്റെയും ഒന്നിച്ചുള്ള; വിധി വായിച്ചു കേംപ്പിക്കുന്നതായ; ഒരു എണ്ണഛായാപടം പഴയസിമ്മനാരി കമ്മിററി മാളികയിൽ സ്ഥാപിച്ചിട്ടുണ്ട്. മലങ്കരസഭയുടെ ആധികാരികമായ ഒരു ചരിത്രഗ്രന്ഥം പ്രദാനംചെയ്തത് ഇ. എം. ഫിലിപ്പ് ആയിരുന്നു. മുളന്തുരുത്തി സുന്നഹദോസിൽ ക്നാനായ പള്ളികളിൽനിന്നും പ്രതിപുരുഷൻമാർ സംബന്ധിച്ചിരുന്നു. തുടർന്നുള്ള എല്ലാ മലങ്കര മാനേജിംഗ് കമ്മിററികളിലും മലങ്കര അസോസ്യേഷനുകളിലും ക്നാനായ സമുദായ പ്രതിനിധികൾ പങ്കെടുത്തുകൊണ്ടാണിരിക്കുന്നത് എന്നതു തർക്കമററ സംഗതിയത്രെ.

മലങ്കരയിലെ വിവിധ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ടു നിന്നിരുന്ന ക്നാനായ പള്ളികളുടെ പൊതു നടത്തിപ്പിനായി 1882 മകരം 8—ാം തീയതി വെളിയനാട്ടു പള്ളിയിൽവച്ചു ചേർന്ന പട്ടക്കാരുടെയും പ്രമാണിമാരുടെയും ഒരു യോഗം ''മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മട്ടി'' എന്ന പേരിൽ ഒരു സംഘം ഏർപ്പെടുത്തുകയും അതിന്റെ പ്രഥമ സെക്രട്ടറിയായി ശ്രീ ഇ. എം. ഫിലിപ്പിനെ നിശ്ചയിക്കുകയും ചെയ്തു. ''മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അന്ത്യോഖ്യാ പ്രതിനിധി ആയിരുന്ന മാർ ശെമഓൻ അത്താനാസ്യോസ് ബാവായും ക്നാനായ പള്ളികൾ ഉൾപ്പെട്ടിരുന്ന ഇടവകകളെ ഭരിച്ചുകൊണ്ടിരുന്ന നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ്, കോട്ടയം ഇടവകയുടെ മാർ പൗലോസ് അത്താനാസ്യോസ്, കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാർ ''ക്നാനായ കമ്മട്ടി''യെ സ്വീകരിക്കുകയും അതിന്റെ നിശ്ചയങ്ങളെ സാധൂകരിക്കുകയും ചെയ്തു.'' (മലങ്കരസഭയുടെ രഹസ്യപേടകം, പേജ് 121). സമുദായത്തിൽ പല പരിഷ്കാരങ്ങളും നടപടിക്രമങ്ങളും കമ്മിററി ഏർപ്പെടുത്തുകയുണ്ടായി.

''ക്നാനായ കമ്മട്ടി''യുടെ ശ്രമഫലമായി ക്നാനായ പള്ളികളെ എല്ലാം ഒരു ഭദ്രാസനമായി ചേർത്ത് ഒരു മെത്രാന്റെ കീഴിലാക്കണമെന്നുള്ള നിശ്ചയം പരിശുദ്ധ അബ്ദള്ളാ പാത്രിയർക്കീസിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും അതനുസരിച്ചു ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി ഇടവഴിക്കൽ മാർ സേവേറിയോസ് ഗീവറുഗീസിനെ വാഴിപ്പിക്കുന്നതിനും സാധിച്ചു. 17 വർഷത്തെ തന്റെ ഭരണത്തിൽ ഇടവകയ്ക്ക് ഒരു സിമ്മനാരിയും ഏതാനും വിദ്യാലയങ്ങളും ഉണ്ടാക്കുകയും പട്ടക്കാരുടെയും പള്ളികളുടെയും എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തതുകൂടാതെ ''ക്നാനായ കമ്മട്ടി''യെ വിപുലപ്പെടുത്തി ''ക്നാനായ അസോസ്യേഷൻ'' രൂപീകരിക്കുകയും ചെയ്തു. ക്നാനായ ഭദ്രാസനം പല വിധത്തിൽ അഭിവൃദ്ധിപ്പെടുകയും മിഷൻകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. 1927 ജൂൺ 11—ാം തീയതി തിരുമേനി കാലംചെയ്തു കോട്ടയം വലിയ പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്താണ് സഹായമെത്രാനായി ഒററത്തൈയ്ക്കൽ മാർ ദീയസ്കോറോസ് തോമ്മാ മെത്രാപ്പോലീത്താ വാഴിക്കപ്പെട്ടത്. കോട്ടയം മുതലായ ഇടവകകളുടെ മാർ ദീവന്നാസ്യോസ് മിഖായേൽ മെത്രാപ്പോലീത്തായും മാർ ദീയസ്കോറോസും ഒരുമിച്ചു പട്ടമേററു ശീമയിൽ നിന്നു വന്നപ്പോൾ ആദ്യമായി രണ്ടു പേർക്കും ഗംഭീര സ്വീകരണം നല്കി

യത് കോട്ടയം വലിയ പള്ളിയിലാണ്. മാർ സേവേറിയോസിൻെറ വിൽപ്പത്രം അനുസരിച്ചു സമുദായത്തിനു ലഭിച്ച മൂവായിരം രൂപ കൂട്ടി ''മാർ സേവേറിയോസ് വിദ്യാഭ്യാസനിധി'' എന്ന പേരിൽ ഒരു ഫണ്ട് സാധുക്കളായ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്.

മാർ സേവേറിയോസിൻെറ പിൻഗാമിയായി മാർ ദീയസ്കോറോസ് അവരോധിക്കപ്പെട്ടെങ്കിലും 12 വർഷം കഴിഞ്ഞ് അദ്ദേഹം റോമ്മാ സഭയിൽ ചേരുകയുണ്ടായി. മെത്രാപ്പോലീത്താ ഇല്ലാതിരുന്ന കാലഘട്ടത്തിൽ സമുദായ ഭരണത്തിനായി താമരപ്പള്ളിൽ അബ്രഹാം കോർ എപ്പിസ്കോപ്പായേയും പിന്നീട് പുരയ്ക്കൽ പി. ജെ. തോമസ് കോർ എപ്പിസ്കോപ്പായേയും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നു നിയമിക്കുകയുണ്ടായി. ക്നാനായ സമുദായത്തെ സ്വയംഭരണത്തോടുകൂടിയ മെത്രാസനമായി സ്ഥിരപ്പെടുത്തിക്കൊണ്ട് ഒരു കല്പന പരിശുദ്ധ ഏലിയാസ് III പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ചു. 1932–ൽ 42–ാം നമ്പർ കല്പന അനുസരിച്ചു ക്നാനായ ഭദ്രാസന ഇടവകയ്ക്ക് അതിൻെറ മേല്പട്ടക്കാരെ വിശുദ്ധ സിംഹാസനത്തിങ്കൽനിന്നു വാഴിച്ചു കിട്ടുവാനും അവിടുത്തെ കല്പനമൂലം ആധിപത്യപ്പെടുത്തുവാനും എന്നേക്കും സ്വാതന്ത്ര്യവും അവകാശവും സിദ്ധിച്ചിട്ടുണ്ട്.

പന്ത്രണ്ടു വർഷത്തെ വൈധവ്യത്തിനുശേഷം 1951 ഏപ്രിൽ 15–ാം തീയതി ഹോംസിൽവച്ചു പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ, വയലായിൽ മാർ ക്ലീമ്മീസ് തിരുമേനിയെ മെത്രാനായി വാഴിച്ചു ക്നാനായ ഭദ്രാസനത്തിനു നിയമിക്കുകയുണ്ടായി. അസോസ്യേഷൻ പാസ്സാക്കിയ ഭരണഘടന ചില ഭേദഗതികളോടെ 1952 ജനുവരിമുതൽ നടപ്പാക്കി. പള്ളികളുടെയും പട്ടക്കാരുടെയും എണ്ണം വർദ്ധിപ്പിച്ചു. റാന്നിയിൽ ഒരു കോളജും ഓതറയിൽ ഒരു ആശ്രമവും സ്ഥാപിക്കുന്നതിനു സാധിച്ചു. വനിതാമന്ദിരം അഭിവൃദ്ധിപ്പെടുത്തുന്നതിനും കോട്ടയത്ത് വനിതകൾക്കായി ഒരു ഹോസ്ററൽകെട്ടിടം സ്ഥാപിക്കുന്നതിനും സാധിച്ചതുകൂടാതെ പല നല്ല നേട്ടങ്ങളും പരിഷ്കാരങ്ങളും സമുദായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. 1957 ജൂൺ 27–ാം തീയതി മണർകാടു പള്ളിയിൽവച്ചു കൂടിയ മലങ്കര പള്ളിപ്രതിപുരുഷയോഗം ക്നാനായ ഭദ്രാസന ഇടവകയുടെ മാർ ക്ലീമ്മീസ് തിരുമേനിയെ മലങ്കര മെത്രാനായി തെരഞ്ഞെടുക്കുകയുണ്ടായി. തിരുമേനിക്ക് രണ്ടു പാത്രിയർക്കീസൻമാരുടെ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും സംബന്ധിക്കുന്നതിനും പല വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അഡ്മിനിസ്ട്രേററർ ഭരണകാലത്തു സമുദായത്തിനു ഒരു കേന്ദ്രനിധി ഉണ്ടാക്കുന്നതിനും ആണ്ടുവരി എന്ന പേരിൽ വർഷംതോറും എല്ലാ ഭവനങ്ങളിൽനിന്നുമായി സമുദായത്തിലേക്ക് ഒരു നിശ്ചിത തുക പിരിച്ചെടുത്തു വിജയിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സൺഡേസ്കൂൾ പ്രസ്ഥാനം, സുവിശേഷ സമാജം, വനിതാസമാജം, യുവജനസമാജം തുടങ്ങിയ വിവിധ പ്രസ്ഥാനങ്ങൾ ഭദ്രാസനത്തിൽ നടന്നുവരുന്നു. സമുദായത്തിൻെറ വിവിധ തുറകളിലും എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും പ്രശസ്ത സേവനങ്ങൾകൊണ്ടു വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മൺമറഞ്ഞുപോയിട്ടുള്ള അനേക സമുദായ സ്നേഹികളേയും അനുസ്മരിക്കുന്നു. വാഴയിൽ ഉതുപ്പാൻ തോമ്മാ, കളരിക്കൽ കൊച്ചു കോര, ഇട്ടിയവിരാ കല്ലംപറമ്പിൽ, താമരപ്പള്ളിൽ കൊച്ചു തൊമ്മൻ മുതലാളി, മുൻമന്ത്രി വി.ഒ. മർക്കോസ്, മുണ്ടുകോട്ടയ്ക്കൽ

എം. സി. കോര, കേളച്ചന്ദ്ര കെ. റ്റി. തോമസ്, പുത്തൻകളത്തിൽ കുരൃച്ചൻ, ഷെവലിയർ ഇ. പി. മാത്യു തുടങ്ങിയവരെ പ്രത്യേകം സ്മരിക്കേണ്ടതാണ്.

1600—ൽപരം വർഷങ്ങളായി നിലനിന്നുപോരുന്ന മലങ്കര സുറിയാനി ക്നാനായ സമുദായത്തിൽ ഇപ്പോൾ ഒരു ലക്ഷത്തോളം ആളുകൾ ഉണ്ട്. ക്നാനായ ഭദ്രാസനം പ. അന്ത്യോഖ്യാ സിംഹാസനത്തിൻെറ നേരിട്ടു ഭരണത്തിൻകീഴിലാണ് നില്ക്കുന്നത് എങ്കിലും മലങ്കര സഭയുമായി പല വിധത്തിലും ബന്ധപ്പെട്ടാണിരിക്കുന്നത്. അഭ്യസ്തവിദ്യരും ജീവിതത്തിൻെറ വിവിധ തുറകളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്നവരുമായ അനേകർ ഇപ്പോൾ ഈ സമുദായത്തിലുണ്ട്. അനേക പീഡകളേയും പരീക്ഷണങ്ങളേയും അതിജീവിച്ച ഈ സമുദായം അണയാത്ത ദീപമായി അനേകർക്കു പ്രകാശം ചൊരിഞ്ഞുകൊണ്ടു നിലനില്ക്കുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*With Compliments of :*

THODUPUZHA COMMERCIAL COMBINES, Rubber Dealers, Thodupuzha.

P. M. JOSEPH, Rubber Dealer, Anthinadu P. O.

K. E. MOHAMMED, Rubber Dealer, Erattupetta.

*With the best compliments of:*

A WELL WISHER

# The Annual Holy Trek to Manjinikkara Omalloor

**By K. P. John, Kottaparampil**

The holy trek to the tomb of late Patriarch of Antioch H. H. Moran Mar Ignatius Elias III at Manjinikkara is undoubtedly a spiritual and solemn event for the Syrian Orthodox Churchmen in Kerala.

Devotees from far and near congregate in large numbers during the pilgrimage season at Manjinikkara to pay their reverence and respects to the deceased Patriarch who was held in high esteem by the Jacobites.

It was a matter of added importance to this year's holy pilgrimage to Manjinikkara for the reason that our present Patriarch of Antioch H. H. Moran Mar Ignatius Zakka I was in our midst to grace the holy ceremonies at Manjinikkara. Lakhs of people had participated in the pilgrimage which was having its Golden Jubilee. Thus this year's pilgrimage which was on Feb. 13 was made more colourful and more graceful than ever in the history of the same.

In this context it will be interesting to go into the details of the Manjinikkara pilgrimage and its importance and the history of the Church in a nutshell.

The trek to Manjinikkara started in trickles from all over the country. It was a purely spontaneous gesture of a grateful populace. As the years rolled on, the trickles became torrents. Now in its 50th year, the annual pilgrimage during every February to the tomb of H. H. Moran Mar Ignatius Elias III at Manjinikkara has become a well established and popular religious practice of much significance befitting the needs of the times. During the trek and then the assembly at Manjinikkara, the normal social distinctions among the participants disappear altogether; good-will, unity and fellowship in Christ prevail abundantly. Hardships, willingly suffered, make the cause dearer and involvement more meaningful and rewarding.

Nazirri was born on 30th October 1867 at Mardin in Mesopotamia (now Iraq) as the 3rd child of Rev. Abraham Kor Episcopa of the Syrian noble family, Zakir and his wife Maria and was ordained as Deacon Elias in 1880 by the then Patriarch H. H. Moran Mar Peter III. Later, in 1908, he was consecrated Bishop Mar Evanios and finally elevated and installed in 1919 as Moran Mar Ignatius Elias III, (152nd) Prince Patriarch of Antioch and all the East, successor to St. Peter on the Apostolic Throne of Antioch and Supreme Head of the Universal Syrian Orthodox Church. In the meanwhile the long-standing discord and discensions among factions of the Syrian Christian Community of Malankara reached such blown-up proportions as to cause concern to no less a person than H. E. Lord Irwin, the then Viceroy and Governor General of India; who as a last recourse, invited His Holiness to visit India to find, seek, and implement a peaceful and lasting solution in the Christian way and spirit.

Moran Mar Ignatius Elias III came to Kerala in 1931 with peace offerings like many a predecessor of his. One of his very first acts of faith then was to welcome back Mar Dinesious Geevarghese into the flock. When Moran Mar Ignatius Yacoob III consecrated Mar Ougen Themothios as the

Catholicose of the East on 22nd May 1964 at Kottayam, it was yet another act of faith; another step taken, boldly in accordance with the teachings of Christ, in darkness to reach the dawn of peace. But the dawn is yet to come up. And now, once again, in 1982, the 50th Dukarano of Moran Mar Ignatius Elias III, the incumbent "Prince of Peace", H. H. Moran Mar Ignatius Zakka I is in our midst. Is the dawn of peace coming up into our horizon?

The relationship between the Holy See of Antioch and the Jacobite Syrian Christian Church of Malankara has an unbroken record synthesized out of the teachings of our Lord and Saviour. Peace, Love, Faith and Hope form its fabric. The emissaries from the Holy See of Antioch came to us with malice for none and charity for all and practiced and preached the core theme. They invariably came with offerings of the olive branch; but if you would not take them, they suffered silently.

The Jacobite Syrian Christian Community of Kerala can trace back its origin to the advent of St. Thomas, the Apostle, to India through Cranganore Port in AD 52 and its subsequent spiritual stabilization and growth to the continued benevolent influence of the Holy See of Antioch, founded by St. Peter. St. Thomas started his preaching mission in India, from a small town called "Malayankara" on the sea coast of Parur Taluk in Kerala and a short distance away from Cranganore. It is thus that, when about 400 Christian Settlers from Syria came over in AD 345 under the leadership of Thomas Kana, they, for want of anything better, started refering to all of their surroundings as Malankara (Phonetically similar to Malayankara). In course of time, as the settlers spread out, all of the Malayalam speaking areas together became Malankara (Rhymes well with Malayalam too). This has been so recorded in the writings of Mar Youseph, an emissary of the Holy See of Antioch, sent over to administer to the needs of these Syrian Christian settlers. From such small beginnings, the Christian Community of Kerala grew up to its present stature against heavy odds aided, among other providential factors, by the continued tolerance and hospitality of many a neighbourhood, the good will of the local rulers and chieftains, the timely parental interventions, care, concern and affection bestowed at all times by the Holy See of Antioch and above all the intercession of our Lord Jesus Christ.

When we muse in retrospect on the past history of the Jacobite Syrian Orthodox Christian Community of Kerala stretching over centuries, a multitude of heroic events and deeds, bordering on the miraculous stand out in bold relief and clarity; many of which are authored by one or the other of the best of noble and inspired emissaries of the Holy See of Antioch. These indeed constitute the basic building block of our Church. A few of these emissaries died or were murdered in their attempts to reach us; yet others had to turn back because of unsurmonutable hazards; some came, served and returned safely; while a few died during their tenure of work amongst us, leaving their mortal remains here with us forever.

A typical example in this context would be the celeberated Koonan Kurisu Oath of 1653. When the Portugese occupied parts of India they tried to impose their religion too on the populace. The efforts for this became so appressive that the Syrian Christians of Malankara sent appeals for succour to their religious head, Patriarch of Antioch Moran Mar Ignatius Inayattullah. The Patriarch's concern and response were typical. Unmindful of all hazards, he set out to reach his flock with all the parental anxiety and haste, ultimately, when he landed at Surat, the Portugese detained him under the promptings of their clergy and later brought and kept him in custody at Madras. When the Syrian Christians came to know of this in Malankara, they became so agitated and vociferous that the Portugese thought wise to act tactfully. They brought The Patriarch to Cochin by the sea and kept him chained on board the ship for some more time and alleged to have murdered him by throwing him into the sea.

When the news of the perpetuation of such cruelty reached the Syrian Christians,

it shocked them out of their habitual meekness due to subjugation coupled with repression being suffered at the hands of the Portugese. They came out in open rebellion emboldened by desperation. Their finest hour was when more than 25,000 of them gathered at Koonan Kurisu, condemned the cowardly and inhuman act and took an oath, not only for themselves but also for all their progeny to sever, for all time to come, connection with all other Christian sects except the one under the Patriarch of Antioch. According to a legend the body of Patriarch was however recovered by some fishermen and entombed at "Arathungal" on the sea coast near Alleppey.

Mar Osthathios Sleeba (19th March 1930), Mar Julius Elias (19th Feb. 1962) and Mar Baselius Yeldo Mapriana at Kothamangalam (September 1687) are three other of the "Shepherds" besides Moran Mar Elias III, who are held in great esteem and reverence by the populace.

The visiting Patriarch is very much enthusiastic to bring about Church unity. Hence his participation in this year's Manjinikkara pilgrimage and to other known Churches and discussions with the local Church leaders is expected to bring in an era of peace and harmony among the hitherto warring factions of the Syrian Church.

ALAPATT JEWELLERY
KOTTAYAM

# Helpful Hints to Christian Living

**(Inserted by N. P. Chacko, Kalappurackal)**

If we are to grow in grace and in the knowledge of our Lord and Saviour Jesus Christ, we must do something more than simply make a confession of faith and sign a card. There is a Christian life to live daily, which can only be lived by having a close contact and fellowship with the one who has saved you—the Blessed Son of God.

I want to give you four hints that will help in making the Christian life a success, for without these no Christian life can ever be a success.

**1. Never Neglect Daily Private Prayer**

When you pray, remember that God is present, and that He hears your prayer.

When you pray, pray with the realisation that you are talking to God: To a God that is alive and is listening to your petition. If you would have your life tell for God, you must pray, and that, often.

**2. Never neglect daily private Bible reading**

And when you read, remember that God is speaking to you and that you are to believe and act upon what He says. The Word of God can only lighten your way as you read it, and when reading appropriate it in your heart. There is no substitute for God's Word; be a student of the Word of God; read it systematically.

The Bible is supernatural in origin, eternal in duration, inexpressible in value, universal in interest, infinite in scope, divine in authorship, regenerative in power and personal in application. It is the Word of God. Never neglect daily Bible reading.

**3. Never let a day pass without trying to do something for the Lord Jesus Christ.**

Reflect on what He has done for you, and then ask yourself: "What am I doing for Him?" God saved you to serve Him. A Christian who neglects his or her testimony is never happy. You are the happiest when you are serving God properly. God has a work for you to do. Paul says, "We are His workmanship, created in Christ Jesus unto good works which God hath before ordained that we should walk in them" (Eph. 2. 10). If we will walk in the spirit of the Lord, he will make clear His desire for us.

This is not a command, but a declaration. He does not say that ye must be My witnesses, but that ye " shall be " my witnesses. Witnessing and working for the Lord follow a healthy conversion, new birth, and should be retained throughout the believer's life, if spiritual health is maintained.

Never, never, never let an opportunity pass that you do not have something to say about the fact that "Jesus Christ saved you, satisfies you, and keeps you." Try to find a place every day to witness to the saving power of God.

**4. If you are ever in doubt as to a thing being right or wrong go to your room and kneel down and ask God's blessing upon it.**

It is written, " Whatsoever ye do in word or deed, do all in the name of the Lord Jesus, giving thanks to God the Father by Him" (Col. 3: 17). If you cannot do this, the thing that you are in doubt about

is wrong. We do not have to go to God to know whether or not, it is wrong to commit murder, adultery, theft, lying, backbiting, and a number of other things, which are written in the Word of God.

God's will has been revealed on these things and they are indelibly written in the Word, and God will never direct you to do anything against His Word, or in opposition to His Will. Be sure to remember this rule. If you should pray about something and say, " Can I do this in the name of Jesus?" and God reveals to you that you shouldn't, don't do it. Be sure you follow the leadings of the Spirit and not the leadings of fleshly desires. (Rom. 8:1; Ist John 1: 7; Gal. 5: 16.)

## RULES FOR DAILY LIVING

For the regulation of my life, and balancing of my conduct, I resolve:

1. That the salvation of my soul shall be my first and great concern.

2. That I will always be ready to confess a fault, or ask forgiveness for it, no matter what the character or position of the person whom I have offended.

3. That I will guard myself, and never show the least symptom of impatient emotion: not even by an altered tone of voice or expression of countenance. That I will do this even if from physical cause I feel fretful and uneasy; no one else should suffer on this account.

4. That I will live only to serve God and for the good of others never seek my own pleasure or satisfaction at the expense of anyone else; but, as far as possible forget that there is a self to please.

5. That I will always carefully speak the truth, never indulge in the least equivocation, but always be both verbally and substantially correct; and to this end I will carefully watch the meaning of all I utter.

6. That I will daily study the Scriptures.

7. That I will never waste a moment.

8. That I will be temperate in eating and drinking.

## A RULE OF LIFE

THREE things to govern — temper, tongue and conduct.

Three things to cultivate—courage, affection and gentleness.

Three things to commend—thrift, industry and promptness.

Three things to despise—cruelty, arrogance and ingratitude.

Three things to wish for—health, friends and contentment.

Three things to admire—dignity, gracefulness and intellectual power.

Three things to give—alms to the needy, comfort to the sad and appreciation to the worthy.


*With Compliments of:*

K. M. EBRAHIM, Rubber Dealer, Erattupetta.


V. H. THAMPI, Rubber Dealer, Erattupetta.

MUKKOOTTUTHARA TRADES, Rubber Dealers, Mukkoottuthara.

KALAPURACKAL RUBBERS, Rubber Dealers, Poovarani P. O., Palai.

ENKAY RUBBERS AND OSWAL ENTERPRISES, Rubber Dealers Kodimatha, Kottayam-1.

മാർത്തോമ്മാ സഭയുടെ സ്വീകരണം




മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും മററും ചേർന്ന് മാരാമൺ കൺവെൻഷൻ
പന്തലിലേക്ക് പ. പാത്രിയർക്കീസ് ബാവായേയും
ശ്രേഷ്ഠ കാതോലിക്കാ ബാവായേയും സ്വീകരിച്ചാനയിക്കുന്നു.



മാരാമൺ കൺവെൻഷനിൽ പ. പാത്രിയർക്കീസ് ബാവാ പ്രസംഗിക്കുന്നു.

തലസ്ഥാന നഗരിയിലെ പൗരസ്വീകരണം



ആർച്ച് ബിഷപ്പ് ബനഡിക്ട് മോർ ഗ്രീഗോറിയോസ് തിരുമേനിയും മററും ചേർന്ന്
പ. പാത്രിയർക്കീസ് ബാവായെയും ശ്രേഷ്ഠ കാതോലിക്കാ ബാവായേയും
തിരുവനന്തപുരം സെനററ് ഹോളിലേക്ക് സ്വീകരിച്ചാനയിക്കുന്നു

പിഞ്ചോമനകളുടെ രോമാഞ്ചം



പ. ബാവാ തിരുവനന്തപുരം പോളിയോ ഹോം ഉൽഘാടനത്തിനെത്തിയപ്പോൾ
അമേരിക്കയുടെ ആർച്ച് ബിഷപ്പ് സാമുവൽ യേശു മോർ അത്താനാസ്യോസ്
സി. എസ്. ഐ. ബിഷപ്പ് യേശുദാസ് എന്നീ തിരുമേനിമാരെയും കാണാം


ദീപികയിലെ സ്വീകരണം




ചീഫ് എഡിററർ
റവ. ഡോ. വിക്ടറർ
നരിവേലി ഉപഹാരം
സമർപ്പിക്കുന്നു



ദീപികയിലെ സ്വീകരണത്തിൻെറ മറെറാരു ദൃശ്യം
റവ. ഡോ. ജോൺ മേളാമ്പറമ്പിൽ ഉപഹാരം സമർപ്പിക്കുന്നു



പ. പാത്രിയർക്കീസ് ബാവായും
കർദ്ദിനാൾ ഡോ. ജോസഫ് പാറേക്കാട്ടിലും



മാർത്തോമ്മാ സഭയുടെ ഉപഹാരം മോർ അത്താനാസ്യോസ് സഫ്രഗൻ
മെത്രാപ്പോലീത്താ സമർപ്പിക്കുന്നു



പ. പാത്രിയർക്കീസ് ബാവാ കോതമംഗലം രൂപതയുടെ ബിഷപ്പ് റൈററ് റവ. ജോർജ്
പുന്നക്കോട്ടിൽ തിരുമേനിയോടൊപ്പം. കണ്ടനാട് ഇടവകയുടെ സഹായ മെത്രാപ്പോലീത്താ
ഫിലിപ്പോസ് മോർ ഈവാനിയോസ് തിരുമേനിയേയും കാണാം.